# ബെഥേൽപത്രിക

വാല്യം 5 ഓഗസ്റ്റ് 1992 ലക്കം 8

"Now the Lord is
that Spirit: and where
the Spirit of the Lord
is, there is liberty"
2 Corinthians 3:17





ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന് പ്രസിദ്ധ
പ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

ഓഗസ്റ്റ് 1992



## രക്ഷാധികാരി

**നി. വ. ദി. ശ്രീ.**
**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

## ഉപദേശക സമിതി

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

## പത്രാധിപ സമിതി

1 റവ. ഫാ. പി.ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ, ഫാ. മാത്യു കോശി
6 റവ. ഡീ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. ഏബ്രഹാം
10 പ്രൊഫ. റ്റി. ജെ. മാത്യു (ചീഫ് എഡിറ്റർ)

## സർക്കുലേഷൻ മാനേജർ

എം. എ. ജേക്കബ്


## ഉള്ളടക്കം


ഇടയലേഖനം
—മെത്രാപ്പോലീത്താ

ധ്യാനപംക്തി
—ഫാ. മാത്യു വർഗീസ്

ലഘുചിന്തകൾ
—പഥികൻ

ദിവ്യസൗന്ദര്യം (കവിത)
—പി. എം. ജോർജ്

ക്വിസ്
—ബിജു റ്റി. മാത്യു

ഇരുളും നിഴലും
—ഡീ. ജോൺ തോമസ്

ബന്ധങ്ങളൊക്കെയും വ്യർത്ഥം
—സി. എം. തങ്കച്ചൻ

മലങ്കര ഓർത്തഡോക്സ് സഭ (തുടർച്ച)
—റ്റി. എസ്. രാജേഷ്

ഭദ്രാസന വാർത്തകൾ


''എന്റെ കൃപ നിനക്കു മതി''

# ഇടയലേഖനം

വാത്സല്യ മക്കളെ,

നമ്മുടെ മാതൃഭൂമിയായ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 45 വർഷം പൂർത്തിയാവുകയാണ്. റഷ്യ, അമേരിക്കാ, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ നടന്ന സ്വാതന്ത്ര്യസമരങ്ങളും അതിനെത്തുടർന്നുണ്ടായ സ്വാതന്ത്ര്യ പുനഃസമ്പാദനവും ഇന്ത്യയിലെ ജന നേതാക്കൾക്ക് ആവേശം പകർന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസവും ആംഗലേയ സംസ്കാരത്തോടുള്ള അടുപ്പവും സ്വാതന്ത്ര്യസമരത്തിന് വീറും ശക്തിയും നൽകി. അങ്ങനെ അനേക വർഷക്കാലത്തെ പാരതന്ത്ര്യത്തിൽ നിന്നും ഇന്ത്യ മോചിതയായി. പുതിയ സമര പരമ്പരകളിലൂടെ ഇന്ത്യൻ ജനതയ്ക്ക് സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ മുട്ടുകുത്തിക്കുവാൻ സാധിച്ചു എന്നത് നിസ്സാരമായ കാര്യമല്ല. ഇതിനു തുല്യമായ മറ്റൊരു സ്വാതന്ത്ര്യസമരം ലോക ചരിത്രം ആകെക്കൂടി നോക്കിയാലും കാണുവാൻ കഴിയുകയില്ല.

സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം തികച്ചും ഒരു ദരിദ്ര കർഷക രാജ്യമായ ഇന്ത്യയെ ഒരു സ്വയം പര്യാപ്തതയുള്ള ക്ഷേമ രാഷ്ട്രമാക്കിത്തീർക്കുവാനാണ് ഇന്ത്യൻ രാഷ്ട്രീയ നേതാക്കൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ 45 വർഷങ്ങൾ കൊണ്ട് ഇന്ത്യയ്ക്ക് പല നേട്ടങ്ങളും കൈവരിക്കുവാൻ സാധിച്ചു എന്നതിൽ സംശയത്തിനവകാശമില്ല. ഏററവും കൂടുതൽ വ്യക്തി സാതന്ത്ര്യം അനുവദിക്കുന്ന ഒരു ഭരണഘടന, പൊതുവെ ജനാധിപത്യ സ്വഭാവമുള്ള ഭരണ സമ്പ്രദായവും ഭരണകർത്താക്കളും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുള്ള അത്ഭുതപൂർവ്വമായ വളർച്ച, ഗതാഗത വാർത്താ വിനിമയങ്ങളിലുള്ള അസൂയാവഹമായ പുരോഗതി, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ രംഗങ്ങളിലേക്കുള്ള കുതിച്ചു കയററം ഇവയെല്ലാം തീകച്ചും അഭിമാനാവഹങ്ങളാണ്.

എന്നാൽ ഇവയ്ക്കെല്ലാം ഒരു മറുവശം കൂടിയുണ്ട്. സ്വാതന്ത്ര്യം സമ്പാദിച്ചിട്ട് 45 വർഷം ആയെങ്കിലും കാതലായ പ്രശ്നങ്ങൾക്കൊന്നും പരിഹാരം നേടുവാൻ നമുക്കിതുവരെ സാധിച്ചിട്ടില്ലെന്നതും ഒരു പരമാർത്ഥമാണ്. അയൽ രാജ്യങ്ങളുമായുള്ള സൗഹൃദ ബന്ധം, ചൈനാ, പാകിസ്ററാൻ എന്നീ രാജ്യങ്ങളുമായുള്ള അതിർത്തിത്തർക്കം, പഞ്ചാബ്, കാശ്മീർ പ്രശ്നങ്ങൾ, അത്യാവശ്യ സാധനങ്ങളുടെ വില വർദ്ധന, തൊഴിലില്ലായ്മ, ഊർജ്ജ പ്രതിസന്ധി എന്നിങ്ങനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ പട്ടിണി മരണങ്ങളും സ്ത്രീ പീഡനങ്ങളും ഹരിജന മർദ്ദനങ്ങളും പ്രാദേശിക വർഗ്ഗീയ സംഘർഷങ്ങളും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

ഇതാണ് നമ്മുടെ ഭാരതത്തിന്റെ ഇന്നത്തെ സ്ഥിതി. ജനസംഖ്യയിൽ വെറും രണ്ടു ശതമാനം മാത്രമുള്ള ക്രൈസ്തവ സമൂഹത്തിന് ഈ ദുരവസ്ഥയ്ക്ക് പരിഹാരമായി എന്തു ചെയ്യുവാൻ കഴിയും?

“നീങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു” (വി. മത്തായി 5:13) എന്നാണ് കർത്താവ് നമ്മോട് അരുളിച്ചെയ്തിരിക്കുന്നത്. ഭക്ഷണസാധനങ്ങളിൽ ഉപ്പുചേർത്തുകഴിയുമ്പോൾ അതിന്റെ രുചിക്കും ഗുണത്തിനും ആകമാനമായ മാററം വരികയും ഉപയോഗ യോഗ്യമായിത്തീരുകയും ചെയ്യുന്നു, അതുപോലെ തന്നെ ജനസംഖ്യയിൽ ക്രിസ്ത്യാനികൾ വളരെക്കുറവാണെങ്കിലും ഉപ്പിനെപ്പോലെ സമൂഹത്തിനും രാഷ്ട്രത്തിനും ഗുണവും രുചിയും പ്രദാനം ചെയ്യുന്നവരായി മാറണം.

ക്രൈസ്തവന് ഒരു പ്രത്യേക രാഷ്ടീയ പാർട്ടി ഉണ്ടാകരുത്. അങ്ങനെ കർത്താവ് ഉദ്ദേശിച്ചിട്ടുമില്ല. രാജ്യത്തിനും ജനങ്ങൾക്കും പ്രയോജന പ്രദമായ കാര്യങ്ങൾ ഏതു രാഷ്ടീയ പാർട്ടിയുടെ ഗവർമ്മെൻറ് ചെയ്യുന്നുവൊ ആ ഗവർമ്മെൻറിന് കഴിയും വിധമുള്ള പ്രോത്സാഹനം നൽകണം. എന്നാൽ രാജ്യ പുരോഗതിക്ക് തടസം നിൽക്കുകയും ക്രൈസ്തവ ആശയങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഏതു പാർട്ടിയുടെ ഗവർമ്മെൻറായാലും അതിനെ നഖശിഖാന്തം എതിർക്കുകയും ചെയ്യുക; സ്നാപക യോഹന്നാനെപ്പോലെ രക്തസാക്ഷിയാകുവാനും മടിക്കേണ്ടതില്ല. മൂല്യച്യുതി സംഭവിച്ച ഇന്നത്തെ ഇന്ത്യൻ രാഷ്ടീയത്തിനെ കരകയററാൻ മൂല്യാധിഷ്ടിതമാക്കി മാററുവാൻ ക്രിസ്തുവിന്റെ അമ്പാസിഡർമാരായി വർത്തിക്കുന്ന രാഷ്ടീയ നേതാക്കൾ നമ്മുടെ സഭയിൽ നിന്നും ഉയർന്നു വരണം. നമ്മുടെ രാജ്യത്തെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് “അണ്ണാൻ കുഞ്ഞും തന്നാലായത്” എന്ന രീതിയിൽ ക്രൈസ്തവ സമൂഹത്തിന് സഭാഭേദമന്യെ വളരെയേറെ പ്രവർത്തിക്കുവാൻ സാധിക്കും. വർദ്ധിച്ചു വരുന്ന ജനസംഖ്യ, അത്യാവശ്യ സാധനങ്ങളുടെ വിലക്കയററം, തൊഴിലില്ലായ്മ, നിരക്ഷരത, മദ്യാസക്തി, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ ആദിയായവയ്ക്കെതിരെ ഒരു കുരിശു യുദ്ധം തന്നെ നടത്തണം. ഭാഷ, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പത്ര പ്രവർത്തനം എന്നീമേഖലകളിൽ ഇന്നുണ്ടായ പുരോഗതിക്ക് അടിത്തറപാകിയത് ഇന്ത്യയിലെ പുരാതന ക്രൈസ്തവരാണെന്നുള്ളത് ആർക്കാണറിഞ്ഞുകൂടാത്തത്? ദേവാലയങ്ങളും, വിദ്യാലയങ്ങളും, ആതുരാലയങ്ങളും പരസ്പര പൂരകങ്ങളായാണ് വർത്തിക്കേണ്ടത്.

സാമൂഹ്യനീതി നടപ്പിലാക്കുവാൻ മററാരേയും കാൾ ക്രൈസ്തവർ ബാദ്ധ്യസ്ഥരാണ്. വി. ദൈവമാതാവിന്റെ വാക്കുകൾ (വി. ലൂക്കോസ് 1:52-53) ശ്രദ്ധിക്കുക. സഖായി ചെയ്തതുപോലെ (വി. ലൂക്കോസ് 19:8) നാമും ചെയ്യുന്നില്ലെങ്കിൽ ഭാവിതലമുറ നമുക്ക് മാപ്പു തരികയില്ല. കാലത്തിന്റെ ചുവരെഴുത്തു നാം കാണുന്നില്ലെങ്കിൽ, വരുവാനുള്ള ആപത്തിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള വിവേകം നാം കാട്ടുന്നില്ലെങ്കിൽ അനന്തരഫലം അനിയന്ത്രിതമായിരിക്കുമെന്നു മാത്രമല്ല. ദൂരവ്യാപകമായിരിക്കുകയും ചെയ്യും. സാമൂഹ്യ നീതി ദൈവ നീതിയാണെന്നുള്ള സത്യം നമ്മൾ മനസിലാക്കേണ്ടിയിരിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ. കർത്താവിൽ നിങ്ങളുടെ ശ്രേഷ്ട ഇടയൻ
തോമസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്താ



# ധ്യാനപംക്തി

**-ഫാ: മാത്യു വർഗീസ് പുളിമൂട്ടിൽ**

“ അവൻ ആ സ്ഥലത്തിനു ബേഥേൽ എന്നു പേർ വിളിച്ചു. ആദ്യം ആ പട്ടണത്തിന്നു ലൂബ് എന്നു പേരായിരുന്നു” (ഉല്പ. 28 ; 19)

പിതാവിനേയും ജേഷ്ഠനേയും കബളിപ്പിച്ച്, യാക്കോബ് സ്വന്ത ഭവനത്തിൽ നിന്ന് പദ്ദാൻ അരാമിലേക്ക് പോകുന്ന വഴി അവൻ ബഥേലിൽ എത്തിയപ്പോൾ സൂര്യൻ അസ്തമിച്ചു. (ഉല്പത്തി 28.11) അതിനാൽ അവൻ ആ സ്ഥലത്തു കിടന്നുറങ്ങി; അപ്പോഴാണ് അവനു സ്വർഗ്ഗീയ ദർശനം ലഭിക്കുന്നത്. ഇതുപോലെ നമ്മുടെ ജീവിതത്തിലും ചൂടും വെളിച്ചവും നൽകുന്ന സൂര്യന്മാർ അസ്തമിക്കുന്നതായ അനുഭവം ഉണ്ടാകാം. യോനയ്ക്ക് നിഴൽ നൽകിയിരുന്ന ആവണക്ക് വാടിപ്പോയി. അപ്പോൾ അവൻ ദൈവ ശബ്ദം കേട്ടു. എതെങ്കിലും സൂര്യൻ ഇല്ലാതാകുമ്പോൾ; നങ്കൂരമിട്ട കപ്പലിൽ കൊടുങ്കാററ് ആഞ്ഞടിക്കുമ്പോൾ എങ്ങോട്ടുപോകണമെന്നറിയാതെ കപ്പൽ വട്ടം കറങ്ങുന്നതുപോലെ നമ്മുടെ ജീവിതം സ്തംഭനാവസ്ഥയിൽ എത്തുമ്പോൾ യാക്കോബിനെപ്പോലെ സ്വസ്ഥമായി ഇരുന്നാൽ ദൈവ ദർശനം ലഭിക്കാനും ദൈവ ശബ്ദം കേൾക്കുവാനും സാധിക്കും. പ്രശ്നങ്ങളും പ്രയാസങ്ങളും രൂക്ഷമാകുമ്പോൾ, അതിൽ നിന്നും വിമുക്തി ലഭിക്കുവാൻ ഏതോ ഒരു ശക്തി തന്നിൽ പ്രവർത്തിക്കുന്നതായി മഹാത്മ ഗാന്ധി ഒരിക്കൽ പറയുകയുണ്ടായി. യാക്കോബിന്റെ യാത്രയിലും സൂര്യൻ അസ്തമിച്ചതു അവന്റെ ജീവിതത്തിൽ വഴിത്തിരിവായി. തന്മൂലം ദൈവവുമായി ഒരു ഉടമ്പടി ഉണ്ടാക്കുവാൻ ഇടയായി. (ഉല്പത്തി 28. 22) ആ സ്ഥലം പോലും ബഥേൽ (ദൈവ ഭവനം) ആയി മാറി. നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല. (ഉല്പത്തി 32:26) യാക്കോബ് പെനിമേൽ കടന്നുപോകുമ്പോൾ സൂര്യൻ ഉദിച്ചു, എന്നാൽ തുടയുടെ ഉളുക്കുനിമത്തം അവൻ മുടന്തി നടന്നു. (ഉല്പ. 32:31) ഇതുതന്നെയാണ് നമ്മുടെ സമൃദ്ധമായ ജീവിതത്തിലും ഉണ്ടാകുന്നത്. ദൈവത്തെ മറന്നുപോകാതിരിക്കുവാൻ ഇത് ഉപകരിക്കും. തന്റെ ശരീരത്തിലെ മുള്ളു നീങ്ങുവാൻ പ്രാർത്ഥിക്കുന്ന പൗലോസ് അപ്പോസ്തലനും ആ മുള്ളു നീങ്ങുന്നില്ല. പ്രത്യുതാ, “എന്റെ കൃപ നിനക്കു മതി” എന്ന മറുപടി ലഭിക്കുന്നു. പക്ഷേ നമ്മെപ്പോലെ യാക്കോബും പിറുപിറുക്കുന്നു. (ഉല്പ. 42. 36)

യാക്കോബിന്റെ ജീവിതത്തിൽ ഏററവും അനുഗ്രഹിക്കപ്പെട്ട സംഭവം ഉല്പത്തി 46:1ൽ കാണുന്നു. രഥങ്ങളിൽ കയറി വേഗം മിസ്രയിമിലേക്കു പോകുന്നതിനു പകരം താനും കുടുംബവുമായി ആദ്യം ബേർശേബായിൽ എത്തി തന്റെ ദൈവത്തിന് യാഗം കഴിച്ചു. അവിടെ നിന്നും ദൈവം അവനെ മിസ്രയിമിലേക്ക് പോകാൻ അനു

വാദം നൽകി. യാക്കോബിന്റെ ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നതും ഇതാണ്.

താൻ മിസ്രയിമിൽ മരിച്ചാലും തന്റെ അസ്ഥികൾ വാഗ്ദത്ത നാടായ കനാനിൽ അടക്കണമെന്ന് അവൻ ശഠിക്കുന്നു. (ഉല്പ: 48:30) ഈ മിസ്രയിമിൽ നന്മ ലഭിക്കുന്നുവെങ്കിലും അതിൽ ആശ്രയിച്ച് ആനന്ദിക്കാതെ നിന്റെ നാട് കനാൻ ആണെന്ന് എപ്പോഴും ഓർത്തുകൊള്ളുക യിസ്രായേൽഗോത്രത്തിൽപ്പെട്ടവരെയെല്ലാം അടക്കിയത് മിസ്രയിമിൽ ആയിരുന്നു.

യാക്കോബ് തന്റെ മക്കളെ അനുഗ്രഹിക്കുമ്പോൾ യഹൂദയോട് പറഞ്ഞത്. ''അവകാശമുള്ളവൻ വരുവോളം ചെങ്കോലും രാജദണ്ഡും അവന് ഉണ്ടായിരിക്കും'' നൂററാണ്ടുകൾക്കു മുമ്പ് മരണക്കുഴിയിൽ കിടന്നു കൊണ്ട് യാക്കോബ് ദർശിച്ചത് യേശു ക്രിസ്തുവിനെയാണ്. യാക്കോബിന്റെ ഈ വിശ്വാസക്കണ്ണുകളുടെ ദീർഘമായ കാഴ്ച നാമും പ്രാപിക്കണം.

പ്രാർത്ഥന:- ദൈവമേ, ഞങ്ങളുടെ പൂർവ്വപിതാവായ യാക്കോബിനു ലഭിച്ച ദൈവിക ദർശനത്തിന് ഓഹരിക്കാരാകുവാൻ ബലഹീനരായ ഞങ്ങളെയും രൂപാന്തരപ്പെടുത്തി ശക്തീകരിക്കണമേ. ആമ്മീൻ.

## സ്മിതാ സൂസൻ കുര്യാക്കോസ്



അഖില മലങ്കര സൺഡേ സ്കൂൾ ഒൻപതാം ക്ലാസ് പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ സ്മിതാ സൂസൻ കുര്യാക്കോസ്. ആറാട്ടുപുഴ സെൻറ് ജോർജ് സൺഡേ സ്കൂൾ വിദ്യാർത്ഥിനിയാണ്.



## ലഘുചിന്തകൾ

## പഥികൻ

എന്റെ സ്നേഹിതന്റെ പുരകൂദാശ, ഉച്ചകഴിഞ്ഞു മൂന്നര മണിയാണ് സമയം. തിരുമേനിയാണ് പ്രധാന കാർമ്മികൻ. അച്ചന്മാരും റമ്പാച്ചന്മാരും കോർഎപ്പിസ്കോപ്പാമാരും സമയത്തിനു മുൻപെ തന്നെ എത്തി. നാലിനും നാലേകാലിനു മിടയ്ക്കാണ് പാലുകാച്ചിന് ആശാരി നിശ്ചയിച്ച സമയം. അതു മാററുക പ്രയാസം. നാലു മണിയായിട്ടും തിരുമേനി എത്തിയില്ല. അച്ചന്മാരുടെ അഭിപ്രായ പ്രകാരം സമയത്തിനുതന്നെ പാലുകാച്ചു നടത്തി. ആളുകൾ അവിടവിടെ കൂടി ചർച്ചകൾ തുടങ്ങി. തിരുമേനിമാരാണ് പ്രധാന ചർച്ചാ വിഷയം. അനുകൂലിച്ചും പ്രതികൂലിച്ചും പലരും സംസാരിക്കുന്നു. സമയം അതിക്രമിക്കുന്നതിൽ പരാതിയും പരിഭവങ്ങളും. ഗൃഹനാഥൻ അവറാച്ചൻ ആകുലനായി.

അവറാച്ചന്റെ പുരകൂദാശയ്ക്കു തിരുമേനി താമസിക്കുവാൻ സാദ്ധ്യതയില്ല. ഗൾഫിൽ ചെന്നാൽ തിരുമേനിമാരെല്ലാം അവറാച്ചന്റെ അതിഥികളാണ്; രണ്ടു മൂന്നു തിരുമേനിമാരെ കൂടെ ക്ഷണിക്കാമായിരുന്നു. എങ്കിൽ ഈ പ്രശ്നം ഒഴിവായേനേ. അഭിപ്രായങ്ങൾ പലതും ഉയർന്നു വന്നു. തിരുമേനിമാരെ മുഴുവൻ പേരെയും ക്ഷണിക്കാൻ അവറാച്ചൻ തയ്യാറായിരുന്നു. ഈസ്ററർ കഴിഞ്ഞ ഉടനെ ആയതിനാൽ തിരുമേനിമാർ ആരും നാട്ടിലില്ല. ഈ തിരുമേനിക്കു തന്നെ രാവിലെ ഒരു പെരുന്നാൾ, ഉച്ചയ്ക്ക് ഒരു മീററിംഗ്, വൈകിട്ട് ഒരു കൺവൻഷൻ ഉദ്ഘാടനം, ഇത്രയും പരിപാടികളാണുള്ളത്. അതിനിടയിലാണ് പുര കൂദാശയ്ക്കു സമയം കണ്ടെത്തേണ്ടതും. 'പരുമല അസോസിയേഷനിൽ ഒരു പത്തുപേരെ കൂടെ തിരഞ്ഞെടുത്താലും തിരുമേനിമാരുടെ ക്ഷാമം പരിഹരിക്കപ്പെടുമെന്നു തോന്നുന്നില്ല.' ആരോ ഒരാൾ ഇടയ്ക്കുകയറിപ്പറഞ്ഞു. തിരുമേനിമാരെ വാഴിക്കലായി അടുത്ത ചർച്ച.

സമയം അഞ്ചരമണി. അച്ചന്മാരും മററും ആവശ്യത്തിനുണ്ടല്ലോ അവർ നടത്തട്ടെ എന്നായി ജനത്തിന്റെ അഭിപ്രായം. 7 ലക്ഷം രൂപാ ചെലവാക്കി പണിത വീടാണ്, ജീവിതത്തിൽ ഒരിക്കലാണ് ഒരു വീടുണ്ടാവുക, വളരെ പ്രതീക്ഷയോടെയാണ് പുര കൂദാശ നടത്തുന്നത്. അതാകട്ടെ, ഒരു തിരുമേനി കൂടാതെ.......അവറാച്ചന് കുണ്ഠിതം. ഫോണിലൂടെ അരമനയിൽ ബന്ധപ്പെട്ടു. തിരുമേനി വരും; താമസിച്ചാലും വരും. വഴിയിൽ എവിടെയോ കുടുങ്ങിയതായിരിക്കും.

വീണ്ടും കാത്തിരിപ്പ്. സമയം $6\frac{1}{2}$ മണി. പലരും പിരിഞ്ഞുപോയി. മേശപ്പുറത്തു വിളമ്പിവച്ചിരുന്ന ആഹാരം ആളുകളുടെ മനസ്സുപോലെ തണുത്തു. ഇതിനിടയിൽ വീഡിയോക്കാരൻ വന്നവരെയെല്ലാം പല പോസുകളിൽ അഭ്രപാളികളിൽ പകർത്തിക്കഴിഞ്ഞു.

ഏഴുമണിക്ക് തിരുമേനിയെ കൂടാതെ കൂദാശ നടന്നു. തിരുമേനിക്കായി ഒരുക്കിവച്ചിരുന്ന മേശമാത്രം അപ്പോഴും തിരുമേനിയെ പ്രതീക്ഷിച്ച് നിശ്ചലമായിരുന്നു.

# ദിവ്യ സൗന്ദര്യം

(തുടർച്ച) **പി. എം. ജോർജ് അത്തിക്കയം**

ബൈബിളിലെ ഉത്തമ ഗീതത്തിന്റെ കാവ്യാവിഷ്കരണം.)

രുചിരമാം ശാരോനിൻ നൽപ്പനീർപ്പൂവു ഞാൻ
ശുചിയേറും താമര തന്റെ പുഷ്പം
ചെറുമുള്ളിൻ മദ്ധ്യേയാതാമരപോലല്ലൊ
നറുകന്യമാർ മദ്ധ്യേയെന്റെ പ്രിയ
വന വൃക്ഷം തന്നിലെ നാരകം പോലവെ
ജനലക്ഷേ ശോഭിക്കുന്നെന്റെ പ്രീയൻ
മതിമോദം നൽകുമാ നാരകത്തിൻ തണ-
ലതി സൗഖ്യം നൽകിയനുഗ്രഹിക്കും.
രുചിയേറും നാരങ്ങായാവോളം ഭക്ഷിച്ചു
രുചിരമാകും വിധം ഞാൻ രസിപ്പൂ
അവനൊററപ്പൊൻകൊടിയെൻ മേൽ പിടിച്ചതു
മനുരാഗ പൂരിതമായിരുന്നു,
ഇനിയും ഞാനെത്രയും പ്രേമപരവശ
കനിവോടെനിക്കേകൂ മുന്തിരിങ്ങാ
ഒരു നാരകത്തിൻ ഫലം നൽകി നിങ്ങളു-
മരുമയോടേററം തണുപ്പു നൽകൂ.
ഇടതുകൈയെന്റെ തലയുടെ കീഴിലും
വലതുകൈ കൊണ്ടെന്നെയാശ്ലേഷിച്ചും
മമകാന്തൻ സുന്ദരനെൻ പ്രാണ നായക—
നമരും മണിയറ തന്നിൽ ഞാനും
യെരൂശലേം പുത്രിമാരാകും സഖികളെ
ഒരുവേള പ്രേമത്തിനിഷ്ടമാകാൻ
ചെറുമാനിനേം പിന്നെ പേടമാൻ തന്നെയു—
മൊരുകാര്യം കൊണ്ടുവിളിക്കരുത്,
സ്വരമല്ലെ കേൾക്കുന്നതെൻ പ്രീയൻ തന്നുടെ—
യരുമമധുരമായുള്ള ശബ്ദം
മലയിന്മേൽ ചാടിയും കുന്നിന്മേൽ കൂടിയു—
മലിവിയന്നോടി വരുന്നു കാന്തൻ
ചെറുതായ മാനിനും നൽക്കലെക്കുട്ടിക്കും
പരിചിൽ സമാനനാണെന്റെ പ്രീയൻ
അവനിങ്ങു വന്നിതാ മതിലിൻ സമീപത്ത്



മദനാർത്തിയോടെ പുറത്തു നിൽപ്പൂ
കിളിവാതിൽ മാർഗ്ഗേണ നോക്കുന്നു സുന്ദരൻ
ഒളിവിലഴികളിൽ കൂടിയും താൻ
കനിവാർന്നു ചൊല്ലിനാനെൻ പ്രീയനെന്നോടു
വനിതാശിരോമണി പോരുക നീ,
ഒരു ശീതകാലം കഴിഞ്ഞു ധരണിയിൽ
പെരുമഴക്കാലവും തീർന്നുപോയി.
പുരുമോദമേകും വസന്തം സമാഗതം
പുതുപുഷ്പ വൃന്ദം വിരിഞ്ഞു നില്പൂ
ചെറുമുന്തിരിത്തലയൊക്കെ മുറിക്കയമയ്
വരികയാണാകാശം സുന്ദരമായ്
മദനൻ വിലസുന്ന കാലമായോമനെ
മനതാരിന്നാനന്ദതുന്ദിലമായ്
കുയിലിന്റെ നിസ്തുല ഗാനമുയരുന്നു.
കുവലയ വൃന്ദവും പൂത്തിടുന്നു.
അതിയായ് വിരാജിപ്പൂമാകന്ദ പുഷ്പങ്ങൾ
മതി മോദം നൽകും സുഗന്ധമേററം
എവിടെയും കാണാറായ് മന്ദാരപ്പൂനിര—
യവിടെല്ലാമാനന്ദ നൃത്തം തന്നെ
കുറുപ്രാവിൻ ശബ്ദവും നാടെല്ലാം കേൾക്കുന്നു.
അരികിൽ വന്നിടുമോ സുന്ദരാംഗി
പതിവായ് വളരുന്നോരത്തിതൻ കായ്കളും
മതിയായ് പഴുത്തുതുടങ്ങിയല്ലൊ
അതിശോഭയേറുന്ന മുന്തിരി വള്ളിതൻ
പുതുപൂക്കൾ സൗരഭ്യം തൂകിടുന്നു.
മരമെല്ലാം പൂത്തുവിലസുന്നു സുന്ദരീ
മദനോത്സവമല്ലോ നാടു നീളെ
അഴകേറും ബാലികെ! മുഗ്ദ്ധേ! മനോഹരീ
എഴുന്നേററു പോരൂ നീയെന്റെ കൂടെ
പെരിയൊരു പാറതൻ വിള്ളൽ കടുന്തൂക്കിൽ
മറവിലിരിക്കുന്നോരെന്റെ പ്രാവേ!
തവചേതോ മോഹന സുന്ദരമാം മുഖ—
മിവനൊന്നു കാണട്ടെ മോഹനാംഗി
അധരാമൃതം തൂകി മോദം വളർത്തുന്ന

മധുരസ്വരമൊന്നു കേൾക്കട്ടെ ഞാൻ
സ്വരമേററമിമ്പമായ് തോന്നുന്നു നിന്നുടെ
സുമുഖീ മനോഹരമായ വക്ത്രം
വരിയായ് വിരിയുന്ന മുന്തിരിത്തോട്ടത്തിൽ
കുറുനരിതൻ ശല്യം തീർക്കാനായി
വിളനാശം ചെയ്തീടുമാനരിവീരരെ
വീരവ്വിൽ പിടിച്ചിങ്ങുതന്നിടേണം
മമ ജീവനായകനെന്നു മെനിക്കുള്ളോൻ
മഹിയിലവനുള്ളോളാണു ഞാനും
സരസീരുഹങ്ങളിൻ ചാരത്തണഞ്ഞിതാ
പരിചിലിന്നാടിനെ മേയിക്കുന്നോൻ
വെയിലാറി വന്നീടും ശീതളച്ഛായയിൽ
വെറുതേയിരിക്കാതെ നീ മടങ്ങി.
ചെറുമാനിനുതുല്യനായ് ദുർഘടപർവ്വതേ—
യരുമക്കലക്കുട്ടി പോലിരിക്ക.

(തുടരും)

## ക്വിസ്

1 ബൈബിളിലെ നീണ്ട പുസ്തകം
2 ബൈബിളിലെ മദ്ധ്യ അദ്ധ്യായം
3 ബൈബിളിലെ മദ്ധ്യ വാക്യം
4 ബൈബിളിലെ ഏററവും ചെറിയ അദ്ധ്യായം
5 ഒരുപോലിരിക്കുന്ന രണ്ടു സങ്കീർത്തനങ്ങൾ
6 എല്ലാ വാക്യങ്ങളും ഒരുപോലെ അവസാനിക്കുന്ന അദ്ധ്യായം
7 സങ്കീർത്തനങ്ങളിലെ ആകെ വാക്യങ്ങൾ
8 ദാവീദിന്റെ സങ്കീർത്തനങ്ങൾ എത്ര?
9 ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ സങ്കീർത്തനം എഴുതിയതാര്?
10 എബ്രായരുടെ പാട്ടു പുസ്തകം

## ഉത്തരം

1 സങ്കീർത്തയങ്ങൾ
2 സങ്കീർത്തനം–117
3 സങ്കീർത്തനം–103 : 2
4 സങ്കീർത്തനം 117
5 സങ്കീർത്തനം–14 ഉം53 ഉം
6 സങ്കീർത്തനം–136
7 2461
8 73
9 മോശ
10 സങ്കീർത്തനങ്ങൾ

സമ്പാദനം ബിജു ററി. മാത്യു പുത്തൻകാവ്



# ഇരുളും നിഴലും

**ഡീ. ജോൺ തോമസ് കരിങ്ങാട്ടിൽ**

..............വീട്ടിൽ എല്ലാവരുമുണ്ട്, ആരും എനിക്ക് സ്വന്തമല്ല
ററി. വി. യും കോമിക്സും അല്പം ആശ്വാസം പകരുന്നു.
പിന്നെ ക്രിക്കററും !..............

രാജേഷ്, കരയരുത്. ശ്, ശ, നേഴ്സറി കുട്ടികൾ പോലും കരയാറില്ലല്ലോ. രാജേഷിനെ ററീച്ചർ ആശ്വസിപ്പിച്ചു. എങ്കിലും രാജേഷ് കരച്ചിൽ നിർത്തിയില്ല. ററീച്ചറിന്റെ മാതൃസ്നേഹത്തോടെകൂടിയ വാത്സല്യ പ്രകടനവും ആശ്വാസ വാക്കുകളും രാജേഷിന്റെ മനസ്സിനല്പം കുളിർമ്മ പകർന്നു. രാജേഷിന്റെ കണ്ണീർ ററീച്ചർ തന്നെ തുടച്ചു. രാജേഷിനെ അടുത്തു നിർത്തി സ്നേഹപൂർവ്വം ചോദിച്ചു.

രാജേഷ് എന്തിനാ കരഞ്ഞത്.
ഉത്തരം അറിയത്തില്ലായിരുന്നോ;

രാജേഷ് മൗനം പൂണ്ടു. ഹൃദയ ഭാഷ മുഖത്ത് പ്രതിഫലിച്ചു. രോഷവും അമർഷവും വേദനയും സമ്യക്കായി തെളിഞ്ഞു. രാജേഷ് മുഖം കുനിച്ചു നിന്നു. കരഞ്ഞതിലുള്ള അഭിമാന ക്ഷതവും മനസിന്റെ വേദനയും കടിച്ചമർത്തി.

രാജേഷ് എന്നും ക്ലാസിൽ ഒന്നാമനായിരുന്നു. മെറിററ് സ്കോളർഷിപ്പ് കിട്ടി പഠിച്ചു വന്നതാണ്. ഇപ്പോൾ രാജേഷ് ആകെ മാറിയിരിക്കുന്നു.

രാജേഷ് എന്താ ഒന്നും പറയാത്തത്: ററീച്ചർ ചോദിച്ചു.
ററീച്ചർ വളരെ നിർബന്ധിച്ചപ്പോൾ രാജേഷ് പറഞ്ഞു തുടങ്ങി;

'ഇപ്പോൾ പഠിച്ചിട്ട് ഒന്നും മനസിലാകുന്നില്ല.
വീട്ടിൽ വെച്ച് പഠിക്കുവാനും തോന്നുന്നില്ല.
വീട്ടിൽ എല്ലാവരുമുണ്ട്.
ഡാഡിയും മമ്മിയും എപ്പോഴും ഓഫീസിലാണ്.
ആരും എനിക്ക് സ്വന്തമില്ല.
ററി. വി. യും കോമിക്സും അല്പം ആശ്വാസം പകരുന്നു.
പിന്നെ ക്രിക്കററും ! ...................

ഊഷരമായ കുടുംബ ശൈലിയിൽ നിന്നും ഉരുകിത്തിളച്ചു വീണ വാക്കുകളാണിത്. മാതൃസ്നേഹത്തിന്റെ സുഗന്ധവും താരാട്ടിന്റെ സംഗീതവും വാത്സല്യത്തിന്റെ മാധുര്യവും–നമ്മുടെ കുഞ്ഞുങ്ങൾക്ക് അന്യമാകുന്നില്ലേ. നിപ്പിൾ വലിച്ചു കുടിച്ച് ജീവിതത്തിലേക്ക് നീന്തിക്കയറുന്ന ഇവർക്ക് ലഭ്യമാകുന്നതോ ഫാരക്സും, ഹോർലിക്സും, കോംപ്ലാനും മാത്രം ! പിതൃസ്നേഹത്തിന്റെ തലോടലും മാതൃസ്നേഹത്തി

ന്റെ താരാട്ടും അണു കുടുംബ (Nuclear family) സംവിധാനത്തിൽ അപ്രത്യക്ഷമാകുന്നതിനാൽ താലന്തുകൾ പോലും വിഫലമാകുന്നു. വീട്ടിൽ ഏവരും ഉണ്ടെങ്കിലും രാജേഷിനു ഡാഡിയും മമ്മിയും എപ്പോഴും ഓഫീസിൽ തന്നെ. അത്രയ്ക്ക് ഒറ്റപ്പെടുന്നു. തന്റെ ഐഡന്റിറ്റി തേടിയലയുവാൻ നിർബന്ധിതനാകുന്നു. പഠനകാര്യങ്ങളിൽ പിന്നിലായി. ആശ്വാസവും സന്തോഷവും കണ്ടെത്തുന്നത് റ്റി. വി. യിലും കോമിക്സിലുമായി. ക്രിക്കറ്റ് ജീവിതത്തിന്റെ ഭാഗമായി. സ്റ്റമ്പും ബോളും ബാറ്റും കിടക്കറയിൽ സൂക്ഷിക്കുവാനും തുടങ്ങി.

ക്രിക്കറ്റു ബോളുമായി ഗ്രൗണ്ടിലേക്കോടുന്ന, റ്റി. വി. യുടെ മുമ്പിൽ തപസിരിക്കുന്ന, കോമിക്സ് വായിച്ച് പൊട്ടിച്ചിരിക്കുന്ന — നമ്മുടെ കുഞ്ഞുങ്ങളെ നോക്കി നിങ്ങൾ പരിഭവിക്കരുത്. എന്തുകൊണ്ടെന്നാൽ അവർ അവിടെയെങ്കിലും ആശ്വാസം കണ്ടെത്തട്ടെ. അമിത ലാഭവും പരജന ദ്രോഹവും മനസിലൊതുക്കി ഫാനിനു കീഴിൽ ഫയൽ മറിക്കുമ്പോൾ ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കുവാൻ കഴിയും. എന്നാൽ നിഷ്പ്രഭമാക്കുന്നത് അടുത്ത തലമുറയെയാണ്-ഉള്ളിലടക്കി വെച്ചിരിക്കുന്ന ക്രോധവും രോഷവും എപ്പോൾ പൊട്ടിത്തെറിക്കുമെന്നു അനുമാനിക്കുവാൻ കൂടി കഴിയില്ല. കൗമാരം യൗവനത്തിലെത്തി മകൻ ജീവിതത്തിൽ പ്രവേശിച്ച് പങ്കാളിയുമായി പറന്നകലുമ്പോൾ തീർച്ചയായും 'ഡാഡിയും മമ്മിയും' ആഗ്രഹിക്കുന്നത് മക്കളിൽ നിന്നുള്ള സംരക്ഷണവും സ്നേഹവുമാണ്. ഇന്നത്തെ സാഹചര്യത്തിൽ ആവശ്യ സമയത്ത് സ്നേഹം പകർന്നു കൊടുക്കുവാൻ കഴിയാത്തവർക്ക് സ്നേഹത്തിനായി കാത്തിരിക്കുന്നതിൽ എന്തർത്ഥം.

കുടുംബം സാമൂഹ്യഘടനയിലെ ന്യൂക്ലിയസ് ആണ്. ശാന്തിയും സമാധാനവും സമൂഹത്തിലേക്ക് പ്രതിഫലിക്കേണ്ടത് ഇവിടെ നിന്നാണ്. കുടുംബ ബന്ധങ്ങൾ അപജയപ്പെടുമ്പോൾ വ്യക്തിത്വങ്ങൾ വിസ്മരിക്കപ്പെടുന്നു. കുടുംബത്തിൽ അവർ ഒറ്റതിരിയുന്നു. പരസ്പരം ആശയങ്ങൾ വിഛേദിക്കുന്നു.

ആരും സ്വന്തമല്ലാ എന്നും ചിന്തിക്കുന്നു.

കുടുംബത്തിലെ ആശയ വിനിമയത്തെക്കുറിച്ച് ഡേവിഡ് കാൻട്യൂറ, വില്യം ലേഹർ എന്നിവർ 1976-ൽ നടത്തിയ ഗവേഷണ പഠനം മൂന്നുതരം കുടുംബത്തെക്കുറിച്ച് വ്യക്തമാക്കുന്നു.

Ref. Family Communication Patterns and exposure of Bangkok Juveniles to mass media.
Media Asia. Vot 15. Num. 1. 1988 PP 30-33



## 1 ബന്ധിത കുടുംബം (Closed Family)

കുടുംബ സംവിധാനത്തിൽ ഏററവും പഴക്കവും പാരമ്പര്യവുമുള്ളത്. കുടുംബത്തിലെ അധികാരാവകാശങ്ങളിൽ ഒരാൾ മുഖ്യ പങ്കുവഹിക്കുന്നു. എല്ലാക്കാര്യങ്ങളും ആവ്യക്തി നടത്തുകയും നിയന്ത്രിക്കുകയും ചെയ്യും. നിയന്ത്രണം (Control) എല്ലാക്കാര്യങ്ങളിലും ഉണ്ടായിരിക്കും. രാജേഷ് ഇത്തരം കുടുംബത്തിന്റെ പ്രതിനിധിയാവാം. പലകാര്യങ്ങളിലും, നിയന്ത്രണവിധേയനായി. ബാല്യത്തിൽ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യവും സന്തോഷവും കൗമാരത്തിൽ ലഭ്യമാകാതെ വന്നപ്പോൾ മാനസ്സികമായി പിന്തിരിയുന്നു. നിയന്ത്രണവും അച്ചടക്കവും പ്രായോഗികമാക്കുന്നതിനേക്കാൾ ഇത്തരം കുടുംബത്തിൽ സംരക്ഷണവും സുരക്ഷിതത്വവും എല്ലാവർക്കും ലഭ്യമാകുന്നു. എങ്കിലും നിഷ്ഠൂര ശാസനം കൗമാരക്കാരിൽ ഭാവവ്യത്യാസം വരുത്തും. സ്നേഹത്തിൽ കൂടി ശാസിക്കുവാനോ ഉപദേശിക്കുവാനോ ശ്രമിക്കാറില്ലല്ലൊ.

## 2 വിശാല കുടുംബം (Open family)

കുടുംബ ബന്ധങ്ങൾ വളരെ വിശാലമാകുന്നു. സമൂഹവുമായി നല്ല ബന്ധവും സംസർഗ്ഗവും ഉണ്ടായിരിക്കുന്ന ഇത്തരം കുടുംബങ്ങളിൽ ജനകീയ ശൈലി തന്നെ രൂപപ്പെടുന്നു. മേശക്കു ചുററും കുടുംബങ്ങൾ ഒത്തു ചേരുന്നു. എല്ലാവർക്കും അഭിപ്രായ സ്വാതന്ത്ര്യവും അവകാശങ്ങളുമുണ്ട് പരസ്പരം കഴിവുകളെ പ്രകടിപ്പിക്കുവാനും വ്യക്തിത്വം വികസിപ്പിക്കുവാനും കഴിയും. ആരും ആരുടെമേലും ആധിപത്യം നടത്തുവാൻ ശ്രമിക്കുന്നില്ല.

## 3 അസമീക്ഷ്യകൃത കുടുംബം (Random family)

കുടുംബത്തിൽ വ്യക്തി സ്വതന്ത്രമാണ്. ഓരോ അംഗവും തനിഷ്ടമുള്ള രീതിയിൽ ജീവിക്കുന്നു. സ്വന്ത തീരുമാനങ്ങൾക്ക് വിധേയമായി കഴിയുവാനാഗ്രഹിക്കുന്ന ഇത്തരം കുടുംബക്കാരിൽ വ്യക്തിമാഹാത്മ്യം (Induvidualism) നിഴലിക്കും. മകന്റെ പഠന രീതിയോ ജീവിത ശൈലിയോ ശ്രദ്ധിക്കുവാൻ രക്ഷിതാക്കൾ സമയം കണ്ടെത്താറില്ല. മകന് അഥവാ മകൾക്ക് വേണ്ടതെല്ലാം നൽകുന്നു. എങ്കിലും അവർക്കിഷ്ടമുള്ള രീതിയിൽ ജീവിക്കുവാൻ അവസരം നൽകുന്നു. അവരെ കാണുന്നു, സംസാരിക്കുന്നു എന്നതിലുപരി ആഴമായ ബന്ധം സ്ഥാപിച്ചെടുക്കുവൻ ശ്രമിക്കാറില്ല.

ആധുനിക ശൈഥില്യത നേരിടുന്ന പല കുടുംബങ്ങളും ഇതിൽ ഏതെങ്കിലും ഒന്നിൽ കേന്ദ്രീകൃതമായിരിക്കും. എന്നാൽ നാം പണിതുയർത്തുന്ന വീട് ക്രിസ്തീയമാകണം. ക്രിസ്തുവിൽ കേന്ദ്രീകൃതവുമായിരിക്കണം. മാതൃകാ കുടുംബമായി ഇതു കണക്കാക്കാം.

## 4 ക്രിസ്തുവിൽ കേന്ദ്രീകൃത കുടുംബം (Christcentered family)

ക്രിസ്തുവായിരിക്കും നായകൻ കുടുംബാംഗങ്ങൾ ഇതിൽ പങ്കാളികളാകുന്നു. സ്നേഹവും സന്തോഷവും സമാധാനവും ഇതിൽ നിറഞ്ഞു നിൽക്കുന്നു. ഇങ്ങനെയുള്ള കുടുംബത്ത് രാജേഷ് വളർന്നു വന്നിരുന്നെങ്കിൽ റഹീച്ചറിന്റെ മുമ്പിൽ കരയേണ്ടിവരികയില്ലായിരുന്നു. ഏകാന്തതയും ശൂന്യബോധവും നിഴലിക്കത്തുമില്ല. പ്രാർത്ഥനാ ജീവിതവും ആദ്ധ്യാത്മീക പ്രവർത്തനവും ജീവിതത്തിന്റെ ഭാഗവുമാകുമ്പോൾ ക്രിസ്തുവിൽ ഏവരും പങ്കാളിത്തപ്പെടുന്നു. റെയിമെണ്ട് ഫണ്ട് (Reymond Fund) ഇതിനെ ക്രിസ്തുവിന്റെ സാക്ഷ്യം എന്നു വിളിക്കുന്നു.

Ref. The Isaiah Vision, W.C.C. Publication. Geneva 1992 PP. 34-35

ഇത് ക്രിസ്തുവിലുള്ള പങ്കാളിത്തമാണ്. പങ്കാളികൾ തുല്യരാണ് ഒരുമിച്ച് കാര്യ നിർവഹണം നടത്തുന്നു. ലാഭവും നഷ്ടവും തുല്യം പങ്കുവെയ്ക്കുന്നു. ദുഃഖവും സന്തോഷവും

കുടുംബാംഗങ്ങൾ പരസ്പരം പങ്കാളികളുകുന്നതുപോലെ ഏവരും ക്രിസ്തുവിലും പങ്കാളികളാകുന്നു. അങ്ങനെ ക്രിസ്തുവിന്റെ സാക്ഷികളായി മുന്നേറുവാൻ കഴിയും. ഇവിടെ എല്ലാവരും ഉണ്ട്. എല്ലാവരും സ്വന്തമാണ്. എപ്പോഴും ആശ്വാസവും സമാധാനവും ലഭ്യവുമാകും

## ക്വിസ് മത്സരം

കാരയ്ക്കാട്ട് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നാലാമത് ''എം. ഡി. ജോൺ മെമ്മോറിയൽ ക്വിസ് മത്സരം മാർ ഗ്രീഗോറിയോസ് ചാപ്പലിൽ വച്ചുനടന്നു. മത്സരത്തിൽ തോട്ടപ്പുഴ എം. ജി. എം. ഒന്നാം സ്ഥാനവും ചെങ്ങന്നൂർ സെൻറ് ഇഗ്നേഷ്യസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. റവ. ഫാ. സി. കെ. ഇടിക്കുളയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ റവ. ഡീക്കൻ എസ്. ജേക്കബ് സമ്മാനദാനം നിർവ്വഹിച്ചു. ഷാജി വർഗീസ് സ്വാഗതവും ബിജു പി. സാം കൃതജ്ഞതയും പറഞ്ഞു.

## ദേവാലയം പുതുക്കി പണിയുന്നു

മെഴുവേലി:— വലിയ പള്ളി എന്നു പ്രസിദ്ധമായ മെഴുവേലി ഹോളി ഇന്നസെൻറ് ഓർത്തഡോക്സ് പള്ളി ആധുനിക രീതിയിൽ പുതുക്കി പണിയാൻ തീരുമാനിച്ചു ഇതിലേക്ക് ഇടവക വികാരി Very Rev M.G. ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ മെസേഴ്സ് P. S. ഏബ്രഹാം, P. S. വർഗീസ്, P. M. ചാക്കോ, T. V. തോമസ് ഇവർ കൺവീനറന്മാരായി വിവിധ കമ്മററികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.



## ''ബന്ധങ്ങളൊക്കെയും; വ്യർത്ഥം''

സി. എം. തങ്കച്ചൻ

''ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്; സമാധാനമല്ല വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നത്''

(വി. മത്തായി 10:34)

ലൂസിഫറും ദൈവവുമായുള്ള ഏററുമുട്ടലിന് യുഗങ്ങളോളം പഴക്കമുണ്ട്. സമാന്തര ശക്തികേന്ദ്രമായി ആദിമകാലം മുതൽക്കെ സാത്താൻ നിലനിന്നിരുന്നതായി വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. മനുഷ്യരാശിയെ നേർപാതയിൽ നിന്നും വ്യതിചലിപ്പിക്കാൻ ഏദൻ തോട്ടത്തിൽ വിജയിച്ച അവന്റെ പരിശ്രമം ഇരുപതാം നൂററാണ്ടിലും അവിരാമമായി തുടരുന്നു. ക്രിസ്തു ജീവിച്ചിരുന്ന കാലയളവിൽത്തന്നെ ചെകുത്താന്റെ വാഴ്ചയും ഉണ്ടായിരുന്നു. കർത്താവിനെത്തന്നെ പരീക്ഷിക്കുവാൻ സാത്താൻ വ്യഗ്രത കാണിച്ചു. ദൈവവചനം പ്രചരിപ്പിക്കുന്നവരെ അവൻ എപ്പോഴും വേട്ടയാടിക്കൊണ്ടിരിക്കും.

യേശുവിന്റെ ശിഷ്യത്വത്തിൽ ഉൾക്കൊള്ളുന്ന വലിയ വെല്ലുവിളികൾ വി. മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം 34 മുതൽ 39 വരെയുള്ള വാക്യങ്ങളിൽ കാണുന്നു, ത്യാഗത്തിന്റെയും കഷ്ടതയുടെയും കുരിശിന്റെയും മാർഗ്ഗമാണ് അവിടുന്ന് ശിഷ്യന്മാർക്കായി നിർദ്ദേശിക്കുന്നത്. സംഘർഷങ്ങളും സംഘട്ടനങ്ങളും അവിടെ അനിവാര്യമാണ്.

യേശു നമ്മുടെ മുമ്പിൽ വയ്ക്കുന്നത് വാളിന്റെയും മരണത്തിന്റെയും അനുഭവമാണ് 'വാൾ' പഴയ നിയമ പശ്ചാത്തലത്തിൽ അർത്ഥമാക്കുന്നത് യുദ്ധവും മരണവുമാണ്. (യിരമ്യാ. 15, 2) പിളർപ്പും എതിർപ്പും സ്വന്തം കുടുംബത്തിൽത്തന്നെ അനുഭവപ്പെടും. ആത്മീയ പ്രവർത്തകർ സമാധാന സന്ദേശവുമായിട്ടാണ് വരുന്നത്. പക്ഷെ അതിനർഹതയില്ലാത്തവർ അതു നിരസിക്കും. എന്നു മാത്രമല്ല അവർ സഭാപ്രവർത്തകരെ ഉപദ്രവിക്കുകയും ചെയ്യും. ഒരു വശത്ത് സമാധാനം (ദൈവത്തോടുള്ള ബന്ധത്തിൽ) അനുഭവിക്കുന്നവർ മറുവശത്ത് സ്വന്തക്കാരിൽ നിന്ന് എതിർപ്പും ഉപദ്രവവും മരണവും നേരിടേണ്ടിവരും. യേശുവിനോടുള്ള ബന്ധവും, വിശ്വസ്ഥതയും വിലയേറിയതായി കരുതുന്നവർക്ക് ശക്തമായ കുടുംബ ബന്ധങ്ങളെപ്പോലും കൈവെടിയേണ്ടിവരും. സ്വന്തം കുടുംബാംഗങ്ങളേക്കാൾ അധികമായ സ്നേഹവും വിശ്വസ്ഥതയും സഭാപ്രവർത്തകർക്ക് ക്രിസ്തുവിനോടുണ്ടായിരിക്കണം.

ശിഷ്യത്വത്തിന്റെ ഭാഗമാണ് സ്വന്തം കുരിശു വഹിക്കുന്നതും സ്വയം പരിത്യജിക്കുന്നതും. ഇതിൽക്കൂടി യേശുവിന്റെ അനുഭവത്തോട് നാം താദാത്മ്യപ്പെടുകയാണ് ചെയ്യുന്നത്. സ്വന്തം മാനവും മഹത്വവും ത്യജിച്ചുകൊണ്ട് കഷ്ടതയുടെ പാതയിൽക്കൂടി മുന്നേറണം.

ക്രിസ്ത്യാനിയുടെ ജീവിതത്തിൽ സർവ്വ പ്രധാനമായതാണ് സ്വയ പരിശോധന അഥവാ പശ്ചാത്താപം കഴിഞ്ഞുപോയ പാപങ്ങളെപ്പററി നമുക്ക് അനുതാപം ഇല്ലെങ്കിൽ ഭാവിയിൽ നമുക്ക് നന്മയിൽ വളരാൻ സാധിക്കുകയില്ല. ശക്തിയും ആരോഗ്യവുമുള്ള ഓർത്തഡോക്സ്കാരായി നാം വളരണമെങ്കിൽ പാപമാകുന്ന വിഷം നമ്മിൽ നിന്നും പുറം തള്ളപ്പെടണം. നമ്മെത്തന്നെയും നമ്മുടെ ബലഹീനതയും ചീത്ത താല്പര്യങ്ങളും നാം പ്രവർത്തിച്ചിട്ടുള്ള ചീത്ത പ്രവർത്തികളും അറിയണം. പലരും തങ്ങളെപ്പററി ശരിയായ ജ്ഞാനമില്ലാതെ ജീവിക്കുന്നുണ്ട്. അങ്ങനെയുള്ളവർ അവരുടെ പാപങ്ങളെപ്പററി ചിന്തിക്കുന്നത് അസുഖകരമാകയാൽ അവയെ മറക്കുവാൻ ഇഷ്ടപ്പെടുന്നു. ലോകത്തിലേക്കും ഏററവും അപകടകരമായ കാര്യമാണ് പാപം. "അനാവശ്യം സംസാരിക്കുന്ന സ്വഭാവം എനിക്ക് അത്രയധികമില്ല" എന്ന് ഒരാൾ പറയുന്നു എങ്കിലും ആ വലിയ ദുഷ്യമാണ് അയാളുടെ സ്വഭാവത്തിലുള്ളതെന്ന് നാം അറിയുന്നു. നാം നമ്മെത്തന്നെ അറിയാത്തതാണ് നാം പാപക്കുഴിയിൽ വീണുപോകുന്നതിനുള്ള പ്രത്യേക കാരണം. വി. പത്രോസ് തനിക്ക് വളരെ ധൈര്യമുണ്ടെന്നും നമ്മുടെ കർത്താവിന് വേണ്ടി മരിപ്പാൻ കഴിയുമെന്നും കരുതി എങ്കിലും അപകട സമയം വന്നപ്പോൾ അവൻ ഓടിപ്പോവുകയും ഭയം നിമിത്തം നമ്മുടെ രക്ഷകനെ അറികയില്ലെന്നു കൂടി പറയുകയും ചെയ്തു.

ദൈവമുമ്പാകെ നാം ഏതുതരക്കാരാണെന്ന് കണ്ടുപിടിപ്പാൻ വളരെ പ്രയാസപ്പെടണം. നാം നമ്മുടെ പാപങ്ങളെ കണ്ടുപിടിച്ചാൽ ശരിക്ക് അവയെപ്പററി പശ്ചാത്തപിച്ച് മോചനം പ്രാപിക്കാവുന്നതാണ്. നമുക്ക് നമ്മെപ്പററി അസുഖം തോന്നാത്തപക്ഷം നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ എന്തോ തകരാറുണ്ടെന്നുള്ളത് തീർച്ചയാണ്. ജീവിതത്തിൽ സ്വയപരിശോധന ചെയ്യാത്തവർ പലരും തങ്ങളെത്തന്നെ അറിയാതെ പോകുന്നു. മരണക്കിടക്കയിൽ പട്ടക്കാരൻ വന്ന് സഹായം ചെയ്യുവാൻ ഒരുമ്പെടുമ്പോൾ ചിലർ "ഞാൻ എന്റെ ജീവിതത്തിൽ ഒരു ദോഷവും ചെയ്തിട്ടില്ല. ഞാൻ വലിയ ദോഷമൊന്നും ചെയ്തിട്ടില്ല, ഞാൻ ഭയപ്പെടേണ്ട ആവിശ്യമില്ല" എന്നൊക്കെ അദ്ദേഹത്തോടു പറയാറുണ്ട്. എങ്കിലും അവരുടെ ജീവിതം മുഴുവനും പാപമാകുന്ന മാരക രോഗം ബാധിച്ചിരുന്നു. ശരിയായി പശ്ചാത്തപിച്ച് കർത്താവിന്റെ വിലയേറിയ രക്തത്തിൽ അവരുടെ പാപത്തെ കഴുകപ്പെടുവാൻ തക്കവണ്ണം അവർ തങ്ങളുടെ സ്ഥിതി സ്വയ പരിശോധനമൂലം ഒരിക്കലും കണ്ടുപിടിച്ചിട്ടില്ലന്നേയുള്ളു.

ആയതിനാൽ നാം ആദ്യവസാനം കർത്താവു കാട്ടിത്തന്ന ത്യാഗത്തിന്റെയും കഷ്ടതയുടെയും കുരിശിന്റെയും പാത പിന്തുടരുന്നതോടൊപ്പം സത്യ അനുതാപമുള്ളവരായി ജീവിച്ച് സാത്താനെയും സൈന്യത്തെയും ജയിച്ച് നിത്യതയ്ക്ക് യോഗ്യരായിത്തീരണം. അതിനായി നമുക്ക് പ്രവർത്തിക്കാം; പ്രാർത്ഥിക്കാം. ★





ററി. എസ്. രാജേഷ്,
ക്രിസ്ത്യൻ കോളേജ് ചെങ്ങന്നൂർ

(തുടർച്ച)

## സുറിയാനി സഭയുടെ പുരാതന വിശ്വാസാചാരങ്ങൾ

ഉദയംപേരൂർ സുന്നഹദോസ് നിശ്ചയങ്ങളിൽ നിന്നും പ്രാചീന സുറിയാനി സഭയുടെ വിശ്വാസാചാരങ്ങളെ സംബന്ധിച്ച് പല വിലയേറിയ അറിവുകളും നമുക്കു ലഭിക്കുന്നുണ്ട്. സുന്നഹദോസു കാലത്ത് നെസ്തോർ സിംഹാസനത്തിൽ നിന്നുമാണ് മേൽ-പട്ടക്കാരെ നമുക്ക് ലഭിച്ചിരുന്നത് എങ്കിലും ആഭ്യന്തരഭരണം മലങ്കരയുള്ള അർക്കദിയാക്കോന്മാർ നടത്തി വന്നു. നെസ്തോറിന്റെയും തേവോദോസിന്റെയും തക്സാകൾ ഉപയോഗിച്ചിരുന്ന പട്ടക്കാർ വിവാഹിതരായിരുന്നു. കുരിശിനെ വളരെ ബഹുമാനമായി കരുതിയിരുന്നു. ദുഃഖവെള്ളിയാഴ്ച പ്രത്യേകം കുരിശിനെ വണങ്ങുന്ന പതിവ് അന്നും ഉണ്ടായിരുന്നു. പരിശുദ്ധന്മാരോടുള്ള അപേക്ഷയും അവരുടെ പെരുനാളുകളും സഭയിൽ നടപ്പിലിരുന്നെങ്കിലും അവരുടെ രൂപങ്ങൾ പള്ളികളിലാകട്ടെ ഭവനങ്ങളിലാകട്ടെ പ്രതിഷ്ഠിച്ചിരുന്നില്ല. മരിച്ചവർക്കു വേണ്ടിയുള്ള അപേക്ഷയും പ്രാർത്ഥനകളും കുർബ്ബാനയും വിരളമായിരുന്നു എങ്കിലും സഭയുടെ വിശ്വാസത്തിലും അത് ഉൾപ്പെട്ടിരുന്നു. സഭ ഏഴ് കൂദാശകളിലും വിശ്വസിച്ചിരുന്നു. ചിലത് പ്രയോഗവശാൽ ദുഷിച്ചിരുന്നു എന്നു മാത്രം. മൂറോൻ മാമ്മോദീസായോടുകൂടി തന്നെ നടത്തി വന്നിരുന്നതു കൊണ്ട് അങ്ങനെ ഒന്നു സഭയിലില്ലായിരുന്നു എന്നു ചിലർക്കു തോന്നിപ്പോയി. കുമ്പസാരം നടത്തുക അക്കാലത്തു കുറഞ്ഞു പോയിരുന്നു. വിശുദ്ധ കുർബാനയ്ക്ക് പുളിപ്പുള്ള അപ്പമായിരുന്നു ഉപയോഗിച്ചിരുന്നത്. വിശുദ്ധ കുർബാന കർത്താവിന്റെ തിരു ശരീര രക്തങ്ങളാണെന്നു വിശ്വസിച്ചിരുന്നു. രോഗികളുടെ തൈലാഭിഷേകം നെസ്തോറിയൻ സഭയിൽ നടപ്പിലിരുന്നതുകൊണ്ട് അതു മലങ്കരയിലും പ്രചരിച്ചിരുന്നതായി അനുമാനിക്കാൻ വഴിയുണ്ട്.

നാം ഇന്ന് ആചരിച്ചുപോരുന്ന അഞ്ചു നോമ്പുകളും അന്ന് ആചരിച്ചു പോന്നതായി കാണുന്നുണ്ട്. എന്നാൽ ശ്ലീഹാനോമ്പ് അമ്പതു ദിവസത്തോളം ചിലർ ആചരിച്ചു പോന്നതായി പറയപ്പെടുന്നു. നോമ്പുകാലങ്ങളിൽ മത്സ്യം, മാംസം, മുട്ട, ഇവ ഇന്നത്തെപ്പോലെ തന്നെ വർജ്ജിച്ചിരുന്നു. പ്രധാന നോമ്പു ദിവസങ്ങൾക്കു പുറമേ ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പു ദിവസങ്ങളായി കരുതിയിരുന്നു.

ഇങ്ങനെ സുന്നഹദോസ് നിശ്ചയങ്ങൾ പരിശോധിക്കുമ്പോൾ 16-ാം നൂററാണ്ടിനു മുമ്പ് കാതോലികാചാരങ്ങളാണ് പരിരക്ഷിച്ചു വന്നതെന്നും പ്രൊട്ടസ്ററൻറുകാർ പറയുന്നതുപോലെ മലങ്കരയിലെ വിശ്വാസം പ്രൊട്ടസ്ററൻറ് മയമായിരുന്നില്ലെന്നും ബോദ്ധ്യമാകുന്നതാണ്. അതുപോലെ റോമ്മാ സഭക്കാരുടെ വാദത്തിനനുസരിച്ച് മലങ്കര സഭ മുമ്പുതന്നെ റോമ്മാ വിശ്വാസത്തിൽ അധിഷ്ഠിതമായിരുന്നു എന്നു പറയുന്നതിനും തെളിവില്ല. റോമ്മാസഭയുടെ പ്രത്യേകമായുള്ള ഉപദേശങ്ങൾ, പാപ്പായുടെ പരമാധികാരം, ബസ്പുർക്കാനാ വിശ്വാസം, രൂപവണക്കം ആദിയായവ രക്തച്ചൊരിച്ചിലുകൾ മൂലം നടപ്പിൽ വരുത്തുവാൻ ആർച്ച് ബിഷോപ്പ് ഉദ്യമിക്കുകയാണുണ്ടായതെന്നും സുന്നഹദോസ് നിശ്ചയങ്ങൾ വ്യക്തമാക്കുന്നുണ്ട്.

## മാർ തോമ്മാ മെത്രാന്മാർ

1653-ലെ കൂനൻ കുരിശു വിപ്ലവത്തിലൂടെ ഒരു വൈദേശീയ മേൽക്കോയ്മയേയും അവരുടെ വിശ്വാസ സംഹിതയേയും നാം ഉരിഞ്ഞെറിഞ്ഞ് കളയുകയാണുണ്ടായത് എന്നോർക്കുമ്പോൾ നമ്മുടെ മൺമറഞ്ഞ പിതാക്കന്മാർ ഒരു വിദേശ മേല്ക്കോയ്മയെ- അതു ലൗകീയമോ ആത്മീയമോ ആകട്ടെ- എത്രയധികം വെറുത്തിരുന്നു എന്നു കാണാവുന്നതാണ്. സ്വാതന്ത്ര്യത്തിന്റെ വായു ശ്വസിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ പന്ഥാവിലൂടെ അന്നു മുതൽ ഇന്നെയോളം മലങ്കര സഭയെ നയിച്ചിരുന്ന വീരപിതാക്കന്മാരാണ് മലങ്കര മെത്രാപ്പോലീത്തന്മാർ. മലങ്കരയെ ഭരിച്ചിരുന്ന പുണ്യപിതാക്കൻമാരുടെ പേരും ഭരണ കാലവും താഴെ ചേർക്കുന്നു.

1 മാർത്തോമ്മാ I 1653-1670
2 മാർത്തോമ്മാ II 1670-1686
3 മാർത്തോമ്മാ III 1686-1688
4 മാർത്തോമ്മാ IV 1688-1728
5 മാർത്തോമ്മാ V 1728-1765
6 മാർത്തോമ്മാ VI അഥവാ വലിയ മാർ ദീവന്നാസ്യോസ്. 1765-1808
7 മാർത്തോമ്മാ VII 1808-1809
8 മാർത്തോമ്മാ VIII 1809-1816
9 മാർത്തോമ്മാ IX 1816-
10 മാർ ദീവന്നാസ്യോസ് ദ്വിതീയൻ 1816-1817
11 മാർ ദീവന്നാസ്യോസ് തൃതീയൻ 1817-1825
12 ചേപ്പാട്ട് മാർ ദിവന്നാസ്യോസ് നാലാമൻ 1825-1855
13 മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ 1877-1909
14 മാർ ഗീവർഗീസ് ദീവന്നാസ്യോസ് ആറാമൻ 1908-1935

വലിയ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ഭരണ കാലത്ത് കൽക്കട്ടാ ഫോർട്ടു വില്യം കോളജിന്റെ വൈസ് പ്രിൻസിപ്പാളും ആംഗ്ലേയ സഭയിലെ ഒരു വൈദിക പ്രമുഖനുമായിരുന്ന ഡോക്ടർ ബുക്കാനൻ മലങ്കര സന്ദർശിക്കുകയുണ്ടായി. പുരാതന സുറിയാനി സഭയുടെ വിശ്വാസാചാരങ്ങൾ ഗ്രഹിക്കുന്നതിനും, സുറിയാനി വേദപുസ്തകം മാതൃഭാഷയിൽ തർജ്ജിമ ചെയ്യുന്നതിനും പൗരാണിക ഗ്രന്ഥങ്ങൾ സ്വീകരിക്കുന്നതിനുമായിരുന്നു അദ്ദേഹത്തിന്റെ ആഗമനം. മെത്രാപ്പോലീത്ത അദ്ദേഹത്തിന് 1000 കൊല്ലത്തിൽ അധികം പഴക്കമുള്ള എസ്ത്രാങ്ങല സുറിയാനിയിലുള്ള ഒരു വേദപുസ്തകം സമ്മാനിക്കുകയുണ്ടായി. കായംകുളത്ത് പീലിപ്പോസ് റമ്പാൻ മലയാളത്തിൽ വിവർത്തനം ചെയ്ത ഒരു സുവിശേഷം ഡോക്ടർ ബോംബയിൽ കൊണ്ടുപോയി മുദ്രണം ചെയ്യിച്ച് മലങ്കരയിൽ വിതരണം ചെയ്തു. അതുപോലെതന്നെ സുറിയാനി പുതിയ നിയമവും ഇംഗ്ളണ്ടിൽ അച്ചടിപ്പിച്ച് കുറെ പ്രതികൾ ഇവിടെ പള്ളികൾക്ക് അയച്ചുകൊടുത്തു.



മാർ ദീവന്നാസ്യോസ് ദ്വിതീയൻ തിരുമേനി റമ്പാനായിരുന്ന കാലത്താണ് പ്രസിദ്ധമായ കോട്ടയം പഴയ സെമിനാരി ആരംഭിക്കുന്നത്. യൗസേപ്പു റമ്പാൻ 1813 കുംഭം 3-ാം തീയതി സെമിനാരിയുടെ അടിസ്ഥാനമിടുകയും 1815 മീനത്തിൽ പണി പൂർത്തിയാക്കി പഠിത്തം ആരംഭിക്കുകയും ചെയ്തു. അദ്ദേഹം സ്ഥാപിച്ച പഴയ സെമിനാരി തിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പ്രഥമമാണ്: ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിൽ ആദ്യമായി ആരംഭിച്ചത് അവിടെയാണ്. കൂടാതെ C.M.S. മിഷ്യനറിമാരുടെ സഹായത്തോടു കൂടി സംസ്കൃതം, എബ്രായ മുതലായ ഭാഷകളും വേദശാസ്ത്രവും അവിടെ അഭ്യസിപ്പിച്ചുപോന്നു.

## മലങ്കര സഭയും C. M. S. മിഷ്യനും

സി. എം. എസ്. മിഷ്യനറിമാർ സൂറിയാനി സഭയിൽ വേലചെയ്യുന്നതിനെപ്പററി മൺട്റോ സായിപ്പ് ആദ്യമായി സംസാരിച്ചത് ദീവന്നാസ്യോസ് ദ്വിതീയനോടായിരുന്ന. സഭയുടെ ഉററ മിത്രമായിരുന്ന കേണൽ മൺട്റോയുടെ നിർദ്ദേശത്തെ തള്ളുവാൻ പ്രയാസം തോന്നുകയാൽ ഒടുവിൽ റവ. നോർട്ടനെ കോട്ടയം സെമിനാരി സന്ദർശിച്ച് ശെമ്മാശന്മാരുടെ പഠിത്തം നടത്തുവാൻ അദ്ദേഹം അനുവദിച്ചു. റവ. നോർട്ടനെ പിന്തുടർന്ന് റവ. ജോസഫ് ഫെൻ, ബഞ്ചമിൻ ബെയ്ലി, ഹെൻറി ബേക്കർ എന്നീ മിഷ്യനറിമാരും മലങ്കര എത്തി. ജോസഫ് ഫെൻ മെത്രാപ്പോലീത്തായോടു ചേർന്ന് സിമ്മനാരിയിൽ വിദ്യാഭ്യാസ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കുകയും ബേക്കർ ഇടവകകൾ സന്ദർശിച്ച് സുവിശേഷഘോഷണം നടത്തുകയും, പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുകയും ബെയിലി പുസ്തക പ്രസിദ്ധീകരണത്തിലും വേദപുസ്തക വിവർത്തനത്തിലും കൂടുതലായി ശ്രദ്ധിച്ചു പോന്നു;

ചേപ്പാട്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലിത്തായുടെ കാലത്ത് റസിഡൻറായി വന്നത് കേണൽ മക്കുഡോണൽ ആയിരുന്നു. ആദ്യ മിഷ്യനറിമാരെ തുടർന്ന് റവ. പീററ്, റവ. വുർഡ്കോക്ക് എന്ന രണ്ടു പേരും വന്നു ചേർന്നു. ഇവർ കുറെക്കൂടി ചെറുപ്പക്കാരും അപക്വമാനസന്മാരുമായിരുന്നു, മലങ്കര സഭ ശക്തീകരിക്കുകയും സമുദ്ധരിക്കുകയും ചെയ്യണമെന്നുള്ള ലാക്കായിരുന്നു കേണൽ മൺട്റോയ്ക്കും ആദ്യ മിഷനറിമാർക്കും ഉണ്ടായിരുന്നത്. എന്നാൽ പിന്നീടു വന്നവർ പ്രോട്ടസ്ററൻറ് വിശ്വാസാചാരങ്ങൾ ക്രമേണ സൂ

റിയാനി സഭയിൽ നടപ്പിലാക്കാൻ ശ്രമം തുടങ്ങി. മാർ ദീവന്നാസ്യോസ് നാലാമൻ മിഷ്യനറിമാരുടെ അതിരു കടന്ന ഈ വക ധിക്കാരപരമായ പ്രവൃത്തികളെ എതിർത്തു; മാത്രമല്ല വിവരങ്ങളെല്ലാം കൽക്കട്ട മെത്രാപ്പോലീത്ത ആയിരുന്ന ഡോ. വിത്സനേയും ബ്രിട്ടീഷ് റസിഡൻ്റിനേയും എഴുതി അറിയിച്ചു. ഡോക്ടർ വിത്സൻ 1835-ൽ തിരുവതാംകൂറിലെത്തുകയും യോജിപ്പിനുവേണ്ടി കുർബാന തക്സാ പ്രൊട്ടസ്റ്റൻ്റ് രീതിയിൽ പരിഷ്കരിക്കുക, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന ഉപേക്ഷിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ വെയ്ക്കുകയും ചെയ്തു. ഡോക്ടർ വിത്സൻ്റെ നിർദ്ദേശങ്ങളെ സംബന്ധിച്ച് ആലോചിക്കുവാനായി 1836 മകരം അഞ്ചാം തീയതി മാവേലിക്കര പുതിയകാവ് പള്ളിയിൽ മാർ ദീവന്നാസ്യോസ് വിളിച്ചുകൂട്ടിയ പള്ളി പ്രതിപുരുഷയോഗം (മാവേലിക്കര പടിയോല) ആ നിർദ്ദേശങ്ങളെ പാടെ തള്ളുകയാണ് ചെയ്തത്. ഈ യോഗത്തോടു കൂടി ഇരുപതു വർഷം മുൻപ് ആരംഭിച്ച മിഷ്യനറിമാരുമായുള്ള സൗഹാർദ്ദ ബന്ധം ശിഥിലീഭവിച്ചു. 1840-ലെ കൊച്ചി പഞ്ചായത്ത് തീരുമാനമനുസരിച്ച് സഭാ സ്വത്തുക്കൾ രണ്ടായി വീതിച്ചു: മിഷ്യനറിമാരുടെ പ്രവർത്തനം മൂലം സുറിയാനിക്കാരിൽ ഒരു ഭാഗം ആളുകൾ അവരെ അനുകൂലിച്ച് സഭയിൽ നിന്നു പിരിഞ്ഞു. നവീകരണ സുറിയാനിക്കാർ അഥവാ മാർത്തോമ്മാ സുറിയാനിക്കാർ എന്നറിയപ്പെടുന്നവരുടെ ഉത്ഭവവും അവരുടെ മിഷ്യൻ പ്രവർത്തന ഫലമെന്നുള്ളതിന് രണ്ടു പക്ഷമില്ല.

## നവീകരണ സുറിയാനിക്കാർ

സി. എം. എസ്. മിഷ്യനറിമാരുടെ ഉപദേശത്തിൽ ആകൃഷ്ടരായ ചിലർ പ്രൊട്ടസ്റ്റൻ്റ് വിശ്വാസം സ്വീകരിച്ചശേഷം സഭയിൽ നിന്നു കൊണ്ട് സഭയെ നവീകരിയ്ക്കുവാൻ ഒരു ശ്രമം ചെയ്യുകയുണ്ടായി. അവരിൽ പ്രമുഖൻ സുറിയാനി മൽപ്പാനായിരുന്ന അബ്രഹാം മൽപ്പാനായിരുന്നു. അദ്ദേഹം സുറിയാനി തക്സാ തിരുത്തുകയും കുമ്പസാരം, നോമ്പ് മുതലായ വിശ്വാസാചാരങ്ങൾ തെററാണെന്നു ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തു. മാത്രമല്ല സ്വന്തം ഇടവകയായ മാരാമൺ പള്ളിയിലുള്ള കന്യക മറിയാമിൻ്റെ ചിത്രം നശിപ്പിക്കുകയും പള്ളിപ്പെരുന്നാൾ നിർത്തലാക്കുകയും ചെയ്തു. കാനോനികമല്ലാത്ത അദ്ദേഹത്തിൻ്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചേപ്പാട് മാർ ദീവന്നാസ്യോസ് അദ്ദേഹത്തോടു ചോദ്യം ചെയ്യുകയും അദ്ദേഹത്തെ സഭയിൽനിന്ന് മുടക്കുകയും ചെയ്തു. തൻ്റെ നവീകരണ ഉദ്യമങ്ങൾക്ക് പിന്തുണ നൽകുന്ന ഒരു മെത്രാനുണ്ടാകണമെന്ന് മൽപ്പാൻ ആഗ്രഹിയ്ക്കുകയും തൻ്റെ സഹോദര പുത്രനായിരുന്ന മാത്യൂസ് ശെമ്മാശനെ ശീമയിലേക്ക് അയയ്ക്കുകയും ചെയ്തു. അക്കാലത്ത് മർദ്ദീൻ സിംഹാസനത്തെ ഭരിച്ചിരുന്ന മാർ ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് അദ്ദേഹത്തിന് മേൽപ്പട്ടസ്ഥാനം നൽകി, അത്താനാസ്യോസ് എന്ന പേരും സ്ഥാത്തിക്കോനും കൊടുത്ത് 1843-ൽ മലങ്കരയ്ക്ക് അയച്ചു.



സഭയുടെ പൊതുവായ തെരഞ്ഞെടുപ്പോ സമ്മതമോ കൂടാതെ പാത്രിയർക്കീസിനെ കബളിപ്പിച്ച് മേൽപ്പട്ട സ്ഥാനം പ്രാപിച്ച അദ്ദേഹത്തെ മാർ ദീവന്നാസ്യോസും കൂട്ടരും എതിർത്തു. ഈ അവസരത്തിൽ യൂയാക്കിം കൂറിലോസ് എന്ന ഒരു പരദേശി മെത്രാൻ 1846-ൽ മലങ്കര എത്തി ഭരണസാരഥ്യം ഏറെറടുത്തു. കൂറിലോസും അത്താനാസ്യോസും തമ്മിലുള്ള വഴക്ക് മൂർച്ചിച്ചപ്പോൾ അത്താനാസ്യോസിനെ മലങ്കര മെത്രാനായി തിരുവിതാംകൂർ മഹാരാജാവ് ഒരു വിളംബരം പ്രസിദ്ധം ചെയ്തു.

1865-ൽ മലങ്കര സഭ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്ത പുലിക്കോട്ടിൽ യൗസേപ്പു കത്തനാർ മോറാൻ മാർ യാക്കോബ് II-ൽ നിന്ന് മേൽപ്പട്ടസ്ഥാനം സ്വീകരിച്ച് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മലങ്കര എത്തി. ഇവിടെ എത്തിയശേഷം മാത്യൂസ് മാർ അത്താനാസ്യോസിനെ സിംഹാസനത്തിൽ നിന്നും താഴെ ഇറക്കുന്നതിന് അദ്ദേഹം പല ശ്രമങ്ങളും നടത്തിയിട്ടും ഫലമുണ്ടായില്ല. മലങ്കര സഭയുടെ ക്ഷണപ്രകാരം മാർ പത്രോസ് തൃതീയൻ പാത്രിയർക്കീസ് 1875-ൽ മലങ്കര എത്തുകയും അത്താനാസ്യോസിനു നൽകിയിരുന്ന രാജകീയ വിളംബരം പിൻവലിപ്പിക്കുകയും ചെയ്തു. പാത്രിയർക്കീസ് പത്രോസ് തൃതീയൻ 1876 മിഥുനം 15-ാം തീയതി പള്ളി പ്രതിപുരുഷൻമാരുടെ ഒരു സമ്മേളനം മുളന്തുരുത്തിയിൽ വിളിച്ചു കൂട്ടി. മാർ ദീവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായായും 24 പേരടങ്ങിയ ഒരു ഭരണ സമിതിയെ അദ്ദേഹത്തിനു സഹായത്തിനായും നിയമിച്ചു. മലങ്കരയെ ഏഴു മെത്രാസന ഇടവകകളായി വിഭജിച്ച് ആറു മെത്രാന്മാരെ കൂടി വാഴിച്ചു. ഇതിൽ നിരണം ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന വിശുദ്ധ ഗ്രീഗോറിയോസ് തിരുമേനിയാണ് മലങ്കരയുടെ മഹാപരിശുദ്ധനായിത്തീർന്നത്. സുന്നഹദോസിനെ തുടർന്ന് മുളന്തുരുത്തിയിൽ വെച്ച് പാത്രിയർക്കീസ് മൂറോൻ കൂദാശ നടത്തി. പിന്നീട് സഭാ സ്വത്തുക്കൾക്കു വേണ്ടിയുള്ള വ്യവഹാരത്തിൽ നവീകരണ സുറിയാനിക്കാർ ഏതാണ്ട് പൂർണ്ണമായും പരാജയപ്പെട്ടു. അവർ സഭയിൽ നിന്ന് വിയോജിതരാകുകയും പിന്നീടവർ സ്വീകരിച്ച നാമധേയ പ്രകാരം മാർത്തോമ്മാ സുറിയാനിക്കാർ എന്ന നാമധേയത്തിൽ ഒരു പ്രത്യേക സഭാ വിഭാഗമായി നിലകൊള്ളുകയും ചെയ്തു.

## കാതോലിക്കാ സിംഹാസന പുനസ്ഥാപനം.

പുലിക്കോട്ട് ജോസഫ് മാർ ദീവന്നാസ്യോസിനുശേഷം മലങ്കരയെ ഭരിച്ചത് മലങ്കര സഭാഭാസുരനായ വട്ടശേരിൽ മാർ ഗീവർഗീസ് ദീവന്നാസ്യോസായിരുന്നു. അഗാധമായ ബുദ്ധി ശക്തി, അപാരമായ വേദശാസ്ത്ര പാണ്ഡിത്യം എന്നീ ഗുണങ്ങളാൽ സമലംകൃതനും മലങ്കരയിൽ നാളിതുവരെയുള്ള സകല വൈദികമേലധ്യക്ഷന്മാരിലും ഏററവും സമാദരണീയനെന്ന് സർവ്വസമ്മതനും ആയിരുന്നു ദീവന്നാസ്യോസ്

# ക്രിസ്ത്യാനിയുടെ പഞ്ചശീല തത്വങ്ങൾ

**-ജേക്കബ് ഉമ്മൻ**

(തുടർച്ച)

## 4 ദൈവഭക്തി :-

കപടമില്ലാത്ത ക്രിസ്ത്യാനി എല്ലാ തിന്മകളെയും വെടിഞ്ഞ് തന്നെത്തന്നെ വിശുദ്ധിയിൽ പരിപാലിക്കണം. യേശു ക്രിസ്തുവിന്റെ മനസ്സും ഇച്ഛയും നമ്മെ എപ്പോഴും നയിക്കണം. ദൈവഭക്തിയിലൂടെ ദൈവ സ്വഭാവവുമായി താദാത്മ്യം പ്രാപിക്കുവാൻ ഒരു ക്രിസ്ത്യാനിക്കു കഴിയണം.

## 5 കഠിനാദ്ധ്വാനം :-

വിശ്രമ രഹിതമായി പണിയെടുക്കുന്നതിലല്ല, പിന്നെയൊ ശരിയായ നിയോഗമനുസരിച്ച് സമയം പ്രയോജനപ്പെടുത്തുകയാണ് ആവശ്യം. സ്വന്തം ചുമതലയെപ്പററി ബോധമുള്ളവൻ കഠിനാദ്ധ്വാനം ചെയ്യുന്നു. ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതത്തിൽ കഠിനാദ്ധ്വാനത്തിന്റെ പ്രസക്തി എടുത്തുപറയേണ്ടതില്ലല്ലൊ.

പ്രലോഭനങ്ങളും പ്രതിസന്ധികളും നിറഞ്ഞിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ യഥാർത്ഥമായ ക്രിസ്തീയ മനസാക്ഷിയോടെ ഉണർന്നു പ്രവർത്തിക്കേണ്ടത് നമ്മുടെ ചുമതലയാണ്. മേൽപറഞ്ഞ അഞ്ചുഗുണങ്ങളും ഉൾക്കൊണ്ട് നമുക്ക് നമ്മുടെ ജീവിതത്തിലൂടെത്തന്നെ ക്രിസ്തുവിനെ കാണിച്ചുകൊടുക്കാം.

"ക്രിസ്തീയ ജീവിതം സൗഭാഗ്യ ജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം"

(ലേഖകൻ യുവജന പ്രസ്ഥാനം ഭദ്രാസന ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്നു.)

★

---

മലങ്കരഓർത്തഡോക്സ് സഭ

മെത്രാപ്പോലീത്ത. പത്രോസ് പാത്രിയർക്കീസിനോടു കൂടി ഒരു മെത്രാനായി മലങ്കര സന്ദർശിച്ചിരുന്ന മാർ അബ്ദള്ളാ, പാത്രിയർക്കീസായശേഷം അധികം താമസിയാതെ 1909-ൽ മലങ്കര സന്ദർശിച്ചു. 1909 വൃശ്ചികം 15-ാംതീയതി കോട്ടയം പഴയ സെമിനാരിയിൽ വെച്ച് ഒരു അസോസിയേഷൻ പാത്രിയർക്കീസ് വിളിച്ചുകൂട്ടി. റോയൽ കോടതി വിധിമൂലം നഷ്ടപ്പെട്ടുപോയ ലൗകീകാധികാരം പാത്രിയർക്കീസിന് ഉണ്ടെന്നു സമ്മതിച്ച് മേല്പട്ടക്കാരും പള്ളിക്കരും പാത്രിയർക്കീസിന് ഉടമ്പടി കൊടുക്കണമെന്ന് അബ്ദുള്ളാ ബാവാ ആവശ്യപ്പെട്ടതിനെ സമുദായ പ്രമുഖരുടെ നേതൃത്വത്തിൽ സഭാംഗങ്ങൾ ശക്തിയായി എതിർത്തതിനാൽ അസോസിയേഷൻ അലങ്കോലമായി പിരിഞ്ഞു. അസോസിയേഷൻ അമംഗളമായി പിരിയുവാൻ മുഖ്യ കാരണക്കാരൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആണെന്ന് പാത്രിയർക്കീസ് നിരൂപിച്ചു. മാർ ദീവന്നാസ്യോസിനോട് അതൃപ്തയായി. പാത്രിയർക്കീസ് മെത്രാപ്പോലീത്തായെ മുടക്കുമെന്നുള്ള സംസാരം എല്ലായിടത്തും പരന്നു.

(തുടരും)



*Best Compliments To.*

**Bethel Pathrika**

**Sibi Jewellery**

**Chengannur**

**Phone : 2543, 2748**

**കണ്ണാട്ട് മിനി ബാങ്കേഴ്സ്**

**ബഥേൽ ജംഗ്ഷൻ**

**ചെങ്ങന്നൂർ**

**Br. മാന്നാർ**

ഡിപ്പോസിററ് സ്വീകരിക്കും

സ്വർണ്ണപ്പണയത്തിന്മേൽ പണം കടം

കൊടുക്കപ്പെടും

ഭദ്രാസന വാർത്തകൾ

## ഭദ്രാസന പാരീഷ് മിഷൻ

കാളികുന്ന് മാർ ഗ്രീഗോറിയോസ്, പ്രകാശഗിരി സെ. മേരീസ് എന്നീ പള്ളികളിൽ മദ്ധ്യവേനൽ അവധിക്കാലത്ത് ചെങ്ങന്നൂർ ഭദ്രാസനത്തിലെ വൈദീകവിദ്യാർത്ഥികൾ പാരീഷ് മിഷൻ നടത്തി. സെറാമ്പൂർ സർവ്വകലാശാലയുടെ പുതുക്കിയ പാഠ്യപദ്ധതി അനുസരിച്ച് ക്രമീകരിച്ച ഫീൽഡ് വർക്കിൻെറ ഭാഗമായിട്ടായിരുന്നു ഈ പ്രവർത്തനങ്ങൾ, സുവിശേഷ യോഗങ്ങൾ, വിശ്വാസ സംബന്ധമായ ക്ലാസുകൾ, ഭവന സന്ദർശനം, കുട്ടികൾക്ക് വേണ്ടി ഗാനപരിശീലനം, ചിത്രപ്രദർശനം എന്നിവയായിരുന്നു പ്രധാന പരിപാടികൾ.

പ്രകാശഗിരിയിൽ വച്ച് നടന്ന സമാപന സമ്മേളനത്തിൽ ഇടവക മെത്രാപ്പോലീത്താ അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ എഴുന്നള്ളുകയും പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചെയ്തു. സെമിനാരി പ്രൊഫസർ റവ. ഡോ എം. ഓ. ജോൺ, വികാരിമാരായ റവ. ഫാ. നൈനാൻ കെ. ജോർജ്, റവ. ഫാ. മാത്യു കോശി എന്നിവരുടെ നേതൃത്വത്തിലും, വൈദീക സെമിനാരി വിദ്യാർത്ഥികളായ റവ. ഡീ. സി. പി. ചാക്കോ, റവ. ഡീ. രാജൻ വർഗീസ്, റവ. ഡീ. റ്റി. റ്റി തോമസ് റവ. ഡീ. നൈനാൻ വി. ജോർജ്, സർവ്വശ്രീ. തോമസ് ജോസഫ്, കെ. എ. മത്തായി, ചെറിയാൻ ശാമുവേൽ, ഐപ്പ് പി. സാം, വി. എം. ഏബ്രഹാം, ജേക്കബ് ഫിലിപ്പ്, സന്തോഷ് വി. എസ്, റ്റി, കെ. ശാമുവേൽ എന്നിവരുടെയും സി. മത്തായിയുടെയും പങ്കാളിത്തത്തിലും പ്രവർത്തനങ്ങൾ നടന്നു.

## ട്രോഫി നേടി

ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിൻെറ 56-ാം വാർഷിക ക്യാമ്പിനോടനുബന്ധിച്ച് സുൽത്താൻ ബത്തേരി സെൻറ് മേരീസ് കോളജിൽ വച്ച് അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തപ്പെട്ട നാലാമതു ക്വിസ് മത്സരത്തിൽ ചെങ്ങന്നൂർ ഭദ്രാസനം ഒന്നാം സ്ഥാനം നേടി "പ്രൊഫ. പി. ഒ. ജോൺ മെമ്മോറിയൽ ട്രോഫി" കരസ്ഥമാക്കി. തോട്ടപ്പുഴ എം. ജി. എം. യൂണിററിലെ വർഗീസ് ജോൺ, ജോൺ മത്തായി ഇടവകാട് സെൻറ് മേരീസ് യൂണിററിലെ സാബു തോമസ് എന്നിവരായിരുന്നു ടീം അംഗങ്ങൾ. റവ. ഫാ. സണ്ണി തോമസ് (ഗൂഡല്ലൂർ) നേതൃത്വം നൽകിയ ക്വിസ് മത്സരത്തിൽ പത്തു ഭദ്രാസന ടീമുകൾ പങ്കെടുത്തു. തുമ്പമൺ, കോട്ടയം, കണ്ടനാട് എന്നീ ഭദ്രാസനങ്ങൾ രണ്ടാം സ്ഥാനം നേടി. 1990-ൽ ഒന്നാം സ്ഥാനവും 1989, 1991 എന്നീ വർഷങ്ങളിൽ രണ്ടാം സ്ഥാനവും ചെങ്ങന്നൂർ ഭദ്രാസനത്തിനായിരുന്നു.

ചെങ്ങന്നൂർ ഭദ്രാസനത്തിനുള്ള ട്രോഫി യുവജന പ്രസ്ഥാനം പ്രസിഡൻറ് അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ഭദ്രാസന സെക്രട്ടറി ഗീവർഗീസ് ജോൺ ഏററുവാങ്ങി.



## നിര്യാതരായി

### ഫാ: എം. സി. തോമസ്

മാവേലിക്കര മണപ്പള്ളിൽ ഫാ. എം. സി. തോമസ് (75) നിര്യാതനായി. വിവിധ ഇടവകകളിൽ വികാരിയായി സേവനമനുഷ്ടിച്ചതിനു ശേഷം സ്വവസതിയിൽ സ്വസ്ഥ ജീവിതം അനുഷ്ടിച്ചു വരികയായിരുന്നു. കാലം ചെയ്ത ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സെക്രട്ടറിയായിരുന്നു ബ. തോമസച്ചൻ. മാവേലിക്കര തഴക്കര പുത്തൻപുരയിൽ എലിസബത്താണ് ഭാര്യ. ശവസംസ്കാരം പ. കാതോലിക്കാ ബാവാ, മാത്യൂസ് മാർ എപ്പിപ്പാനിയോസ്, തോമസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ പുതിയകാവ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ചു നടത്തപ്പെട്ടു.

### ഫാ. സി. വി. സാമുവൽ

കുടശനാട് ചരുവിൽ ഫാ. സി. വി, സാമുവൽ (68) നിര്യാതനായി. കുരമ്പാല സെൻറ് തോമസ് ഓർത്തഡോക്സ് പള്ളി വികാരിയായിരുന്ന ബ. സാമുവലച്ചൻ ഡൽഹിയിലെ സെൻറ് സ്ററീഫൻസ് സ്കൂൾ സ്ഥാപകനും സെൻറ് ജോർജ് സ്കൂൾ മാനേജരും ആയിരുന്നു. ശവസംസ്കാരം കുടശനാട് സെൻറ് സ്ററീഫൻസ് കത്തീഡ്രലിൽ പ: കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും തോമസ് മാർ തിമോത്തിയോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു.

പരേതാത്മാക്കൾക്ക് നിത്യശാന്തി നേരുന്നു.

## ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക്

ഉമയാററുകര സെൻറ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ നിന്നും 12 വർഷങ്ങൾക്ക് മുമ്പ് പെന്തക്കോസ്തിലേക്ക് പോയ കിഴക്കേ മണലേത്ത് മലയിൽ ഏബ്രഹാം മാത്യുവും കുടുംബവും തിരിച്ച് മാതൃസഭയിലേക്കും ദേവാലയത്തിലേക്കും വന്നിരിക്കുന്നു. ഏബ്രഹാം മാത്യുവിൻെറ 12ഉം 10ഉം വയസ്സുള്ള രണ്ടു മക്കളെ ജൂലൈ 12 ന് വി. മാമോദീസാമുക്കി. ഈ കുടുംബം അന്നേദിവസം തന്നെ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്നും വി. കുർബ്ബാന സ്വീകരിച്ചു. കാണാതെ പോയ ആടുകളെ അന്വേഷിച്ചു കണ്ടെത്തിയ ഇടവക വികാരി റവ. ഫാ. ജോസ് പെരുമാളിന് "ബഥേൽ പത്രിക" യുടെ അഭിനന്ദനങ്ങൾ!

## നേത്ര ചികിത്സാ ക്യാമ്പ്

ചെങ്ങന്നൂർ സെൻറ് ഇഗ്നേഷ്യസ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിൻെറയും പരുമല സെൻറ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രി (സി. ബി. എം) യൂണിററിൻെറയും ആഭിമുഖ്യത്തിൽ സെൻറ് ഇഗ്നേഷ്യസ് പാരിഷ് ഹാളിൽ വച്ച് നേത്രചികിത്സാക്യാമ്പ് നടത്തുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ശ്രീ. ററി. തോമസ്, മണലിൽ വീട്, ളാഹശ്ശേരി, ചെങ്ങന്നൂർ എന്ന വിലാസത്തിൽ ബന്ധപ്പെടണം.

### അനി മേരി കോശി



1991-ലെ സൺഡേസ്കൂൾ പത്താം ക്ലാസ് മത്സര പരീക്ഷയിൽ ചെങ്ങന്നൂർ ഭദ്രാസനത്തിൽ ഒന്നാം സ്ഥാനം നേടി, മുളക്കുഴ വടക്കേപ്പറമ്പിൽ ഈപ്പൻ ഏബ്രഹാം, മെമ്മോറിയൽ കാഷ് അവാർഡ് കരസ്ഥമാക്കിയ തോട്ടപ്പുഴ എം. ജി. എം. സൺഡേസ്കൂൾ വിദ്യാർത്ഥിനി അനി മേരി കോശി. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ മെത്രാപ്പോലീത്തായുടെ 175-ാം ചരമ വാർഷികത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ (1991) അഖില മലങ്കരാടിസ്ഥാനത്തിൽ (ദക്ഷിണ മേഖലയിൽ) ഒന്നാം സ്ഥാനവും 1989-ലെ സഹപാഠ്യമത്സരങ്ങളിൽ സീനിയർ വിഭാഗം പ്രസംഗ മത്സരത്തിൽ രണ്ടാം സ്ഥാനവും നേടിയിട്ടുണ്ട്. മത്സര പരീക്ഷാ - സഹപാഠ്യ മത്സരങ്ങളിൽ ഭദ്രാസന തലത്തിൽ വിവിധ സമ്മാനങ്ങൾ നേടിയിട്ടുള്ള അനി ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് രണ്ടാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥിനിയാണ്. (ശാസ്താംകോട്ട ഗവൺമെൻറ് ഹൈസ്കൂൾ ഹെഡ്മാസ്ററർ പേങ്ങാട്ടു വി. എം. കോശിയുടെയും കോഴിമല സെൻറ് മേരീസ് യു. പി. സ്കൂൾ ഹെഡ്മിസ്ട്രസ് സൂസിക്കുട്ടി പി. ജേക്കബിൻെറയും പുത്രിയാണ്.)



## അർദ്ധ ദിന സമ്മേളനം

ചെങ്ങന്നൂർ ഡിസ്ട്രിക്ററിലെ ബാലികാ സമാജത്തിൻെറ അർദ്ധദിന സമ്മേളനം ജൂലൈ 18 ശനിയാഴ്ച കാളികുന്ന് മാർ ഗ്രീഗോറിയോസ് പള്ളിയിൽ വച്ചു നടന്നു. റവ. ഫാ. പി, സി. തോമസ് ഉൽഘാടനം ചെയ്ത യോഗത്തിൽ റവ. ഫാ. മാത്യു കോശി ''ഓർത്തഡോക്സ് സഭയിലെ ആരാധന-വേദപുസ്തക പശ്ചാത്തലത്തിൽ'' എന്ന വിഷയത്തെ ആസ്പദമാക്കി വിജ്ഞാന പ്രദമായ ഒരു ക്ലാസ്സെടുത്തു. ഡിസ്ട്രിക്ററ് സെക്രട്ടറി ശ്രീമതി അന്നമ്മ ജോർജ് സ്വാഗതവും ഭദ്രാസന സെക്രട്ടറി ശ്രീമതി ജെസി തോമസ് കൃതജ്ഞതയും പറഞ്ഞു.

## പ്രതിമാസ ധ്യാനയോഗങ്ങൾ

ഭദ്രാസന ആഭ്യന്തര സുവിശേഷ സംഘത്തിൻെറ ആഭിമുഖ്യത്തിലുള്ള പ്രതിമാസ ധ്യാന യോഗങ്ങൾ താഴെപ്പറയുന്ന സ്ഥലങ്ങളിലും തീയതികളിലും നടത്തുന്നതാണ്.

സെപ്ററംബർ 12ന് ആററുവാ മാർ ബർസൗമാപള്ളിയിലും ഒക്ററോബർ 10ന് കുട്ടംപേരൂർ സീയോൻപുരം സെൻറ് തോമസ് പള്ളിയിലും നവംബർ 14ന് ഉള്ളന്നൂർ സെൻറ് തോമസ് പള്ളിയിലും ഡിസംബർ 12ന് ഉമയാററുകര സെൻറ് തോമസ് പള്ളിയിലും 1993 ജനുവരി 16ന് വെൺമണി സെൻറ് മേരീസ് പള്ളിയുലും, ഫെബ്രുവദി 13ന് പേരിശ്ശേരി സെൻറ് മേരീസ് പള്ളിയിലും വച്ചുനടത്തുന്നതാണ്.

## Riddles

—Contd— BOBY KOSHY

11 What is every body in the world doing in the same time?
12 What can speak any language in the whole world?
13 What tool does not go shorter with use?
14 Where does April come before January?
15 On Sept. 4th 1920, 75 people walked out of the Best hotel in Paris, why?

ANSWERS

11 (a) Breathing (b) Growing 12 Echo
13 Tongue 14 Dictionary 15 They ate & came

★

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

## ബാലസമാജം

ബാലസമാജം ചെങ്ങന്നൂർ ഡിസ്ട്രിക്റ്റിലെ ഏകദിന സമ്മേളനം കോടുകുളഞ്ഞി പ്രകാശഗിരി പള്ളിയിൽ വച്ചു നടത്തപ്പെട്ടു. റവ. ഫാ. സി. പി. ചാക്കോ, കെ. കെ. ഏബ്രഹാം, ഡോ. സജി ദാനിയേൽ, റവ. ഫാ. നൈനാൻ കെ. ജോർജ് എന്നിവർ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി. പ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡൻറ് റവ. ഫാ. വൈ. തോമസിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഫാ. മാത്യു വറുഗീസ്, സി. കെ. റജി എന്നിവർ പ്രസംഗിച്ചു. ഡി. ഓർഗനൈസർ ബിജു വറുഗീസ് കൃതജ്ഞത പ്രകാശിപ്പിച്ചു.

## യുവജന പ്രസ്ഥാനം

യുവജന പ്രസ്ഥാനം ചെങ്ങന്നൂർ ഡിസ്ട്രിക്റ്റിൻെറ ഏകദിന സമ്മേളനം ചെങ്ങന്നൂർ സെൻറ് ഇഗ്നേഷ്യസ് കത്തീഡ്രലിൽ വച്ചു നടത്തപ്പെട്ടു. മാനവശേഷി വികസനത്തെ സംബന്ധിച്ച് വൈദീക സെമിനാരിയിലെ ജേക്കബ് മാത്യുവും, ചെങ്ങന്നൂർ സർക്കിൾ ഇൻസ്പെക്ടർ ക്രിസ്റ്റി ബാസ്റ്റ്യനും ക്ലാസെടുത്തു. പ്രസ്ഥാനം വൈസ് പ്രസിഡൻറ് റവ. ഫാ. മാത്യു വർഗീസ് ഉദ്ഘാടനം ചെയ്ത സമാപന സമ്മേളനത്തിൽ റവ. ഫാ. ജോൺ പോൾ, റ്റി. ഇ. ജോസഫ്, ഗീവറുഗീസ് ജോൺ, ജേക്കബ് മാത്യു, ജേക്കബ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. റ്റി. തോമസ് സ്വാഗതവും ഡി. ഓർഗനൈസർ കൃതജ്ഞതയും പറഞ്ഞു.

## മർത്തമറിയം സമാജം

ചെങ്ങന്നൂർ ഡിസ്ട്രിക്റ്റിലെ ഭദ്രാസനം മർത്തമറിയം സമാജത്തിൻെറ അർദ്ധദിന സമ്മേളനം മുളക്കുഴ സെൻറ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു, വി. യാക്കോബിൻെറ ലേഖനത്തെ ആസ്പദമാക്കി റവ. ഫാ. മാത്യു വർഗീസ് ക്ലാസെടുത്തു. പ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡൻറ് റവ. ഫാ. ജോസ് പെരുമാളിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ റിട്ട. കമാണ്ടർ കെ. ജി. തോമസ് പ്രസംഗിച്ചു. ഇടവക വികാരി റവ. ഫാ. പി. കെ. കോശി സ്വാഗതവും ഡി. സെക്രട്ടറി സൂസൻ മാത്യു കൃതജ്ഞതയും രേഖപ്പെടുത്തി.

Printed and published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George